ഫെബ്രുവരി, മാർച്ച്
2022

# മരിയനാദം

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്, അയ്യന്തോൾ




ചെറുപുഷ്പം
ഗോൾഡ് ലോൺ
കുറഞ്ഞ ലാഭം
കൂടിയ അംഗീകാരം
കൂടുതൽ
വായ്പ
കുറഞ്ഞ
പലിശ
ഉയർന്ന
കാലാവധി
Olarikkara, Pullazhi P.O, Thrissur 680012
Ph : 2360846, 2360202, 2365890
Customer Care : 8547667788, 8547778899

സെന്റ് മേരീസ്
അസംപ്ഷൻ ചർച്ച്
അയ്യന്തോൾ

# മരിയനാദം


സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്
അയ്യന്തോൾ, തൃശ്ശൂർ - 680003
ഫോൺ: 0487 - 2360259
Email:mariyanadham.info@gmail.com
www.ayyantholechurch.com



പുസ്തകം 28
ഫെബ്രുവരി,
മാർച്ച് 2022
ലക്കം 2


## ഈ ലക്കത്തിൽ


| | |
|---|---|
| എഡിറ്റോറിയൽ | 02 |
| ഇടയശബ്ദം | 03 |
| ഇടവക വാർത്തകൾ | 06 |
| പ്രതിനിധിയോഗ തീരുമാനങ്ങൾ | 07 |
| കാണാപ്പുറങ്ങൾ - വി. യൗസേപ്പിതാവ് | 08 |
| കുടുംബകൂട്ടായ്മ വാർത്തകൾ | 09 |
| ഓർമ്മിക്കുക ആചരിക്കുക | 10 |
| മതബോധനവാർത്തകൾ | 11 |
| സാറാ- രാജകുമാരി | 13 |
| പാവം കഴുതയുടെ രോദനം | 15 |
| ദൈവത്തിന്റേതല്ലേ വാവെ | 17 |
| ആഖോറിന്റെ താഴ്‌വര | 18 |
| ഏച്ചുകൂട്ടുന്ന ചരട് | 19 |
| ചാരം നശ്വരതയുടെ പ്രതീകം | 20 |
| ഉറക്കം കെടുത്തുന്ന സ്വപ്നം | 21 |
| ഒരു അമ്മൂമ്മ കഥ | 23 |
| താർഷീഷല്ല നിനവേതന്നെ | 24 |
| കൃഷി ആദായകരമാക്കാനുള്ള ചിലപൊടിക്കൈകൾ | 26 |
| ലോഗോസ് ക്വിസ് 2021ലെ വിജയികൾ | 27 |
| മധുരിക്കും പപ്പായ | 27 |
| ഞങ്ങൾ വരവായി | 28 |
| ഞങ്ങൾ യാത്രയായി | 28 |
| ഇടവകയിലേക്ക് വന്നവർ | 28 |
| ഞങ്ങൾ ഒന്നായി | 29 |
| ഇടവകയിൽ നിന്നും മാറിപോയവർ | 29 |
| BIBLE QUIZ | 30 |
| ചായകൂട്ട് മത്സരം | 32 |


## പത്രാധിപസമിതി


ചീഫ് എഡിറ്റർ
ഫാ. **ജെയ്സൻ പുന്നശ്ശേരി** +91 9526131319

മാനേജിംഗ് എഡിറ്റർ
ശ്രീ. **കെ.എ. മാത്യു** +91 9388842296

അഡീഷണൽ മാനേജിംഗ് എഡിറ്റർ
ശ്രീമതി **ത്രേസ്യാമ്മ ജേക്കബ് തോലത്ത്** +91 7306711871

അസോസിയേറ്റഡ് എഡിറ്റേഴ്സ്
റവ. സി. **കാതറിൻ CHF** +91 9497301738
ശ്രീമതി. **ഗ്രേസി ജോണി വടക്കേത്തല** +91 8129978716
ശ്രീമതി. **ജെൻസി ജൂപ്പിറ്റർ തരകൻ** +91 9497061927
ശ്രീ. **ജെയ്സൺ കുള** +91 9495062073
ശ്രീ. **ടോണി തരകൻ** +91 9447728883
ശ്രീ. **സ്റ്റീഫൻ മാപ്രാണത്ത്** +91 9446336573
ശ്രീ. **മേജോ കെ.ജെ** +91 9847865010
ശ്രീ. **ജിതിൻ ജോജു** +91 8606006298
ശ്രീ. **സെജിൻ സെബി** +91 9446023663
ശ്രീ. **ജേക്കബ് തോലത്ത്** +91 9495565910

എക്സ് ഒഫിഷ്യോ മെമ്പർമാർ
ശ്രീ. അഡ്വ. **നെറ്റോ നെല്ലിശ്ശേരി** +91 9847970504
(കേന്ദ്രസമിതി കൺവീനർ)
ശ്രീ. **ബെഞ്ചമിൻ വർഗ്ഗീസ്** +91 9495039510
(നടത്തുകൈക്കാരൻ)


## ഇടവക പള്ളിയിലെ വിശുദ്ധ കുർബ്ബാന സമയം

**സാധാരണ ദിവസം – 6.30 a.m**
**ഞായർ – 6.30 a.m 8.00 a.m**

നടത്തുകൈക്കാരൻ
ശ്രീ. **ബെഞ്ചമിൻ വർഗ്ഗീസ്**
+91 9495039510

## പള്ളി ഓഫീസ് സമയം

| | |
|---|---|
| സാധാരണ ദിവസങ്ങളിൽ | 7.00 a.m. - 8.00 a.m.<br>6.00 p.m. - 8.30 p.m. |
| ഞായർ | 10.30 a.m. - 12.30 p.m. |

**തിങ്കൾ അവധി**

കപ്യാർ : വിൽസൺ ആളൂർ കൊക്കൻ – +919745844551

# എഡിറ്റോറിയൽ

## സ്വർഗ്ഗം മുട്ടുന്ന വടവൃക്ഷം

സന്ധ്യയായി തിരികൊളുത്തി
മക്കളെല്ലാം വീട്ടിലെത്തി
പ്രാർത്ഥനക്കായ് മുട്ടുകുട്ടി
ഭക്തിയോടെ കൈകൾകൂപ്പി...

ക്രിസ്തീയ ഭവനങ്ങളിൽ നിന്നൊഴുകിയിരുന്ന ഒരു ഗാനശകലം. ഇത് കുടുംബവർഷമാണ്. മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല എന്നുകണ്ട് ദൈവം അവന് ഒരു കൂട്ട് നൽകി. തന്റെ സൃഷ്ടികർമ്മം അവരിലൂടെ നിറവേറ്റാൻ അവിടുന്ന് അവന് കൃപയും നൽകി. അങ്ങനെ ത്രിത്വത്തിന്റെ പ്രതീകം പോലെ കുടുംബം ഉടലെടുത്തു. തിരുക്കുടുംബത്തിന്റെ മാതൃകയാണ് സർവ്വേശ്വരൻ മനുഷ്യകുടുംബങ്ങളിൽ പ്രതീക്ഷിച്ചത്. ഒന്ന് ഉറപ്പാണ്, ഒരു ദമ്പതികൾക്കും ഒരേ സ്വഭാവങ്ങളോ, ഇഷ്ടാനിഷ്ടങ്ങളോ ഉണ്ടാവാൻ സാധ്യതയില്ല. ദൈവകൃപയ്ക്കു മാത്രമേ അവരിലെ വൈവിദ്ധ്യങ്ങളെ അതിജീവിക്കാനും, ഉപരിനന്മക്കായി പരിണമിപ്പിക്കാനും സാധിക്കൂ. കുടുംബജീവിതം നിരന്തരബലിയായി മാറുമ്പോൾ അവിടെ ദൈവത്തിന്റെ ഇടപെടലുകൾ ഉണ്ടാകും.

"സ്നേഹത്തിന്റെ സന്തോഷം" (അമോറിസ് ലെറ്റിഷ) ഫ്രാൻസിസ് മാർപാപ്പയുടെ അപ്പസ്തോലിക പ്രബോധനമാണ്. ഇതിലെ പ്രതിപാദനങ്ങൾ അവിഹിത ബന്ധങ്ങൾ, കലഹങ്ങൾ, വിവാഹമോചനം, അകൽച്ച എന്നിവയാണ്. ദൈവകൃപയുടെ അനശ്വരവസ്ത്രത്താൽ കുടുംബത്തെ ദൈവം അലങ്കരിക്കും. ജീവിതാന്ത്യം വരെ സ്നേഹത്തിന്റെ ദൃഢതയും ലാവണ്യവും നൽകി അതിനെ ശക്തീകരിക്കും. പിഴവുകൾക്ക് മാപ്പും, ദാരിദ്ര്യത്തിലും സഹനത്തിലും താങ്ങും തുണയും, ക്രമമായ കൗദാശിക സ്വീകരണവും ഒത്തൊരുമിച്ചുള്ള പ്രാർത്ഥനയും ഭക്ഷണവും ഇതെല്ലാംപാറമേൽ അടിസ്ഥാനമിട്ട ദൈവഭവനത്തിന്റെ ലക്ഷണങ്ങളാണ്. നല്ല ദൈവ വിളികൾക്ക് ജന്മംകൊടുക്കുന്ന ഈറ്റില്ലങ്ങളാണിവ. മാത്രമല്ല ഇവരുടെ സുഗന്ധം സമൂഹത്തിലേക്കും നാട്ടിലേക്കും രാജ്യാന്തരങ്ങളിലേക്കും വ്യാപിക്കും. ദൈവത്തിന്റെ സ്വന്തം ലോകം എന്ന ഒരു സ്വപ്നം. അല്ല യാഥാർത്ഥ്യത്തിലേക്ക് അത് നമ്മെ കൊണ്ടെത്തിക്കട്ടെ. സ്വർഗ്ഗം മുട്ടുന്ന ദൈവമക്കളുടെ വടവൃക്ഷമാകട്ടെ നമ്മുടെ സഭ.

പ്രാർത്ഥനാശംസകളോടെ,
**പത്രാധിപസമിതി**

# ഇടയശബ്ദം



1998-ാമാണ്ടിലെ ജൂൺ മാസത്തിലാണീ സംഭവം. ചേലക്കര ഫൊറോന പള്ളിയിൽ 201 ഭവനങ്ങളുള്ള ഇടവകയിൽ അസ്തേന്തിയായി ആദ്യമായി നിയമിതനായതിൽ വളരെ സന്തോഷത്തോടെയാണ് ഞാൻ എന്റെ പൗരോഹിത്യ ശുശ്രൂഷ ആരംഭിക്കുന്നത്. രൂപതയിലെ ഏറ്റവും കർക്കശനായ വികാരി, ഞാനോ പുത്തനച്ചനും. ഒരു നഴ്സറി കുട്ടിയെപ്പോലെ എല്ലായിടത്തും എന്നെ കൊണ്ട് നടന്ന് കാര്യങ്ങൾ പറഞ്ഞുപഠിപ്പിച്ചു തരുമായിരുന്നു. ഇടവകജീവിതത്തിൽ അറിയേണ്ടതും ചെയ്യേണ്ടതും എല്ലാം.

പതിവുപോലെ ഒരു ദിവസം തൊഴുപാടത്തുള്ള സി.എം.സി കോൺവെന്റിലേക്ക് യാത്ര തിരിച്ചു. ആരേയും അനാവശ്യമായി ആശ്രയിക്കാതെ സ്വന്തം കാലിൽ നിൽക്കുക എന്ന ആദർശം ഉള്ളിൽ വച്ചുപുലർത്തിയിരുന്നതിനാൽ എന്റെ അപ്പച്ചനോടുപോലും ബൈക്ക് വാങ്ങാൻ പണം ചോദിക്കാൻ മടിയായിരുന്നു. അതിനാൽ ബസ്സിലായിരുന്നു യാത്രകൾ ഒട്ടുമിക്കവാറും. ബസ്സ് സ്റ്റോപ്പിൽ നിന്നുമുള്ള 2 കി.മീ. ദൂരം മണൽ ലോറിയിൽ കയറി വേണം പോകാൻ. ബാക്കി ദൂരം കാൽനടയായും. ആ ദിവസം യാത്രാമധ്യേ പരക്കാടടുത്തുള്ള നമ്മുടെ ഭവനങ്ങളിൽ ഒന്നിൽ ജനക്കൂട്ടം കണ്ട് ഞാനവിടെ കാര്യം തിരക്കിയപ്പോഴാണ് അറിയുന്നത് ചെറുപ്പക്കാരനായ ഗൃഹനാഥൻ കഞ്ചിക്കോടുള്ള കമ്പനിയിലെ സെക്യൂരിറ്റി പണി കഴിഞ്ഞ് പുഴയിൽ കുളിക്കാൻ പോയപ്പോൾ ഒഴുക്കിൽപ്പെട്ടു കാണാതായി. രണ്ട് ചെറിയ കുഞ്ഞുങ്ങളുള്ള കുടുംബനാഥയുടെ നിലവിളി ഇന്നും സങ്കടപ്പെടുത്തുന്ന ഓർമ്മയാണ്.

വികാരിയച്ചൻ വാർഷികധ്യാനത്തിന് പോയി രണ്ടു ദിവസമായതിനാൽ അതിരൂപത വികാരി ജനറൽ ബോസ്കോ പുത്തൂർ പിതാവിനെ വിവരമറിയിച്ചു. പിന്നീട് വികാരിയേ

യും. രണ്ടു ദിവസം കഴിഞ്ഞാണ് അഴുകി തുടങ്ങിയ (വികൃതമായ മുഖവുമായി) മൃതദേഹം ലഭിച്ചത്. പോസ്റ്റ്മോർട്ടം കഴിഞ്ഞ് വേഗംതന്നെ മൃതശരീരം ഭവനത്തിലെത്തിച്ചു. കമ്പനിയുടെ നേതൃത്വത്തിൽ എല്ലാം മുൻകയ്യെടുത്ത് നടത്തിയതിനാൽ മൃതശരീരം മറവുചെയ്യാൻ അനുവാദം തരുന്ന രേഖ കൊണ്ടുവരാൻ ബന്ധുക്കൾ മറന്നുപോയി. പലതവണ ഞാനിക്കാര്യം അവരെ ഓർമ്മിപ്പിച്ചിരുന്നതാണ് എന്നിട്ടും. തൊട്ടടുത്തുള്ള പോലിസ് അധികാരികളുടേയും മാതാപിതാക്കളുടേയും ഉറപ്പിന്മേൽ രേഖ ലഭിക്കാതെ തന്നെ മൃതശരീരം മറവുചെയ്തു. ചടങ്ങ് കഴിഞ്ഞ് വൈകീട്ട് 6 മണിയോടെ എല്ലാവരും തിരികെപോയി. രണ്ടുദിവസം കഴിഞ്ഞിട്ടും രേഖ മാത്രം എത്തിയില്ല. വീട്ടുകാരെ പോയി കണ്ട് കാര്യം അവതരിപ്പിച്ചു. പിറ്റേദിവസം വികാരിയച്ചൻ തിരികെവരും. ആകെ അങ്കലാപ്പായി. മൂന്നാം ദിവസം വികാരിയച്ചൻ വന്നു. പക്ഷേ രേഖ മാത്രം എത്തിയില്ല. കാര്യമറിഞ്ഞ് വികാരിയച്ചന്റെ വക ആവശ്യത്തിലധികം വഴക്ക് കേട്ടു. പോരാതെ അരമന അധികാരികളെ അറിയിച്ചു. അവർ എന്നെ അരമനയിലേക്ക് വിളിപ്പിച്ചു. പട്ടം കിട്ടിയിട്ട് 6 മാസം തികയുംമുമ്പ് ഇത്രയും ധിക്കാരമോ? തിരികെ പള്ളിയിലെത്തി. ആകെ വിഷമമായി. ഭക്ഷണം പോലും വേണ്ടാന്നായി. പള്ളിയിൽ സക്രാരിയുടെ മുമ്പിലിരുന്ന് ചങ്കുപൊട്ടി ആദ്യമായി കരഞ്ഞു. ഞാൻ തമ്പുരാനോട് ഒന്നുമാത്രമേ ചോദിച്ചുള്ളൂ. ഞാൻ ചെയ്ത തെറ്റ് എന്താണ്? നിയമം കാർക്കശ്യത്തോടെ പാലിക്കാത്തതോ അതോ ആ പാവം വീട്ടുകാരോട് മാനുഷികത കാണിച്ചതോ?

ഞാനീ അനുഭവം പങ്കുവച്ചത് വെറുതെയല്ല. നിയമമാണോ മനുഷ്യനാണോ വലുത്? പള്ളി വെറും ഒരു ഓഫീസ് സമുച്ചയമായി അധഃപതിക്കാമോ? നിയമം ലംഘിക്കാനുള്ളതാണെന്നും ആദർശങ്ങൾ പ്രസംഗിക്കാൻ മാത്രമുള്ളതാണെന്നും എന്തും ഏതും ഓരോരുത്തരുടെയും സൗകര്യംപോലെ വേണം നടത്തിക്കൊടുക്കാൻ എന്നൊരു രീതിയിലേക്ക് ഈ കാലഘട്ടം നമ്മെ കൊണ്ടുവന്നു എത്തിച്ചു. എന്റെ ഇഷ്ടം മാത്രമാണ് ശരി, ഞാൻ പറയുന്നതു മാത്രം സത്യം എന്നതിലേക്ക് ഈ തലമുറ അധഃപതിച്ചു. 'No' എന്ന വാക്കു കേൾക്കാനിഷ്ടമില്ല വീട്ടിലും നാട്ടിലും! പറയുന്നവൻ 'മൂരാച്ചി' കാലഹരണപ്പെട്ടവൻ, മാന്യതയില്ലാത്തവൻ, തിരസ്കരിക്കപ്പെടേണ്ടവൻ, പിന്തിരിപ്പൻ.

ഫെബ്രുവരി മാസത്തിന്റെ സവിശേഷമായ വാർത്തയാണ് പാലക്കാട് ചെങ്കുത്തായ മലയിടുക്കിൽ 46 മണിക്കൂർ ഭക്ഷണമോ ജലമോ ലഭിക്കാതെ പാറക്കെട്ടിൽ കുടുങ്ങിക്കിടന്ന മലമ്പുഴ ചെറാട് സ്വദേശി ആർ. ബാബുവിന്റെ ജീവിതത്തിലേക്കുള്ള തിരിച്ചുവരവ്. ബാബുവിന്റെ അസാധാരണമായ മനസ്സാന്നിധ്യം എടുത്ത് പറയത്തക്കതാണ്. ഒരുപക്ഷേ നമുക്കാർക്കും ഇത്തരം അപകടങ്ങൾ പിണയണമെന്നില്ല. പക്ഷേ ഏത് പ്രതിസന്ധിയിലും മനക്കരുത്തോടെ അതിനെ നേരിടാൻ പ്രാപ്തമാകുന്ന ഒരു തലമുറയെ നാം വാർത്തെടുക്കണം. അതിന് ചില എളുപ്പവഴികളുണ്ട്.

1. ജീവിതത്തിൽ പരാജയപ്പെട്ടാൽ പരാജയത്തെ നേരിടാൻ പഠിപ്പിക്കണം.
2. തന്നിൽ തന്നെ ആത്മവിശ്വാസം വളർത്തിയെടുക്കാൻ ഉത്തരവാദിത്വങ്ങൾ ഏല്പിച്ച് അവരെ ഒരുക്കണം.
3. ശരിയും തെറ്റും തിരിച്ചറിയാൻ ധാർമ്മികമൂല്യങ്ങൾ ഭവനങ്ങളിൽ പഠിപ്പിച്ച് കൊടുക്കണം.
4. 'അരുത്'കളെ നന്നായി മനസ്സിലാക്കി കൊടുക്കണം, പ്രത്യേകമായി ചെയ്യാൻ പാടില്ലാത്തവ.
5. അപരനിലേക്ക് അവന്റെ വിഷമതകളെ നോക്കിക്കാണാൻ അവന് ആശ്രയമാകാൻ, കരുതലാകാൻ പഠിപ്പിച്ചാൽ നമുക്കും അത് ശുഭപ്രതീക്ഷ നൽകും.
6. അപരനേക്കാൾ സ്വയം വിമർശനം നടത്താൻ, തന്നെ തന്നെ തിരുത്തി മുന്നോട്ടു പോകാൻ പഠിപ്പിക്കുക.

25 വർഷം പൗരോഹിത്യത്തിൽ പിന്നിടുമ്പോൾ എനിക്കുറപ്പായിട്ടും പറയാനാകും ജീവിതത്തിൽ കണ്ട സ്വപ്നങ്ങളല്ല മറിച്ച്, അഭിമുഖീകരിച്ച പ്രതിസന്ധികളായിരുന്നു എന്നെ മുന്നോട്ട് നയിച്ചത്, കരുത്ത് നൽകിയത്, വളർത്തിയത്. സർവ്വശക്തനായ ദൈവത്തോട്, ദൈവജനത്തോട് ഒത്തിരി കടപ്പാടുണ്ട്. നന്ദിയുമുണ്ട്. നിങ്ങളുടെ പ്രാർത്ഥനയിൽ എന്നും ഓർക്കണമേ.

ഒത്തിരി സ്നേഹത്തോടെ,
**നിങ്ങളുടെ ജെയ്സനച്ചൻ**

# ഇടവക വാർത്തകൾ

ഷോപ്പിങ്ങ് കോംപ്ലക്സിലെ നിലവിലുള്ള വാടക നിരക്ക് പുതുക്കി നിശ്ചയിക്കേണ്ടതിന്റെ ആവശ്യകത

പാരിഷ് ഷോപ്പിങ്ങ് കോംപ്ലക്സിലെ മുറികൾ ആദ്യമായി വാടകയ്ക്ക് നൽകുന്നത് 2007-2008 കാലഘട്ടത്തിലാണ്. വാടകക്കരാർ പ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റിന് പുറമെ ആദ്യവർഷത്തിൽ ഗ്രൗണ്ട് ഫ്ളോറിലെ മുറികൾക്ക് സ്ക്വയർ ഫീറ്റ് ഒന്നുക്ക് 7.63 രൂപ നിരക്കിലും ഒന്നാം നിലയിലെ മുറികൾക്ക് സ്ക്വയർ ഫീറ്റ് ഒന്നുക്ക് 6.72 രൂപ നിരക്കിലുമാണ് വാടക നിർണ്ണയിച്ചിരുന്നത്. ഓരോ വർഷം കൂടുമ്പോഴും വാടകയിൽ 5% വർദ്ധനവും നിഷ്കർഷിച്ചിരുന്നു. വർഷാവർഷം ഉണ്ടായ വർദ്ധനവോടുകൂടി ഇപ്പോൾ ആദ്യം മുതൽ വാടകക്കാരായി തുടരുന്നവരിൽ നിന്ന് ലഭിച്ചുവരുന്ന വാടക, ഗ്രൗണ്ട് ഫ്ളോറിൽ സ്ക്വയർ ഫീറ്റ് ഒന്നുക്ക് 15.12 രൂപ നിരക്കിലും ഒന്നാം നിലയിൽ സ്ക്വയർ ഫീറ്റ് ഒന്നുക്ക് 12.69 രൂപ നിരക്കിലും ആണ്.

2018 വർഷത്തിൽ ഷോപ്പിങ്ങ് കോംപ്ലക്സിലെ ഒന്നാം നിലയിൽ ഒരു മുറിയിലെ വാടകക്കാരൻ ഒഴിഞ്ഞ് പോയതിനെ തുടർന്ന് പ്രസ്തുത മുറി ഗ്രൗണ്ട് ഫ്ളോറിലെ ഒരു വാടകക്കാരൻ വാടകയ്ക്ക് ഏറ്റെടുത്തപ്പോൾ നിർണ്ണയിക്കപ്പെട്ട വാടക, സെക്യൂരിറ്റി ഡെപ്പോസിറ്റിന് പുറമെ സ്ക്വയർ ഫീറ്റ് ഒന്നുക്ക് 38.13 രൂപ നിരക്കിലാണ് തുടർന്ന് 2020 വർഷത്തിലും ഒന്നാം നിലയിലെ മറ്റൊരു മുറിയിലെ വാടകക്കാരൻ ഒഴിഞ്ഞ് പോയതിനെ തുടർന്ന് വീണ്ടും വാടകയ്ക്ക് നൽകിയപ്പോൾ നിർണ്ണയിക്കപ്പെട്ട വാടക, സെക്യൂരിറ്റി ഡെപ്പോസിറ്റിന് പുറമെ സ്ക്വയർ ഫീറ്റ് ഒന്നുക്ക് 29.81 രൂപ നിരക്കിലാണ്. 2007, 2018, 2020 വർഷങ്ങളിൽ വാടകക്ക് നൽകുമ്പോൾ ലഭിച്ച ഡെപ്പോസിറ്റ് സംഖ്യയും വ്യത്യാസപ്പെടുകയും ചെയ്തിരുന്നു.

ഒരു കെട്ടിടത്തിലെ തന്നെ വിവിധ മുറികളിലെ വാടക സംഖ്യയും ഡെപ്പോസിറ്റും ഗണ്യമായി വ്യത്യാസം വന്നതിനെ തുടർന്ന്, പ്രതിനിധി യോഗത്തിൽ ന്യായമായ വാടക നിർണ്ണയിക്കണമെന്ന ആവശ്യം ചർച്ച ചെയ്യപ്പെട്ടിരുന്നു. 2020 വർഷത്തിൽ പള്ളി മുഴുവൻ വാടകക്കാരെയും വിളിച്ച് ചേർക്കുകയും അയ്യന്തോളിലെ മറ്റു വാണിജ്യ കെട്ടിടങ്ങളിൽ നിലനിൽക്കുന്ന വാടകയെ അപേക്ഷിച്ച് പള്ളി ഷോപ്പിങ്ങ് കോംപ്ലക്സിലെ 2007 വർഷത്തിൽ വാടകയ്ക്ക് ഏറ്റ വാടകക്കാർ നൽകിവരുന്ന വാടകയിൽ സാരമായ കുറവ് ഉണ്ടെന്ന വിവരം അറിയിക്കുകയും അതിനാൽ തന്നെ വാടകയിൽ കാലാനുസൃതമായ വർദ്ധനവ് ഉണ്ടാകേണ്ടതുണ്ടെന്ന പ്രതിനിധിയോഗത്തിന്റെ ആവശ്യം അവതരിപ്പിക്കുകയും ചെയ്തു. എന്നാൽ വാടകക്കാരുടെ ഭാഗത്തുനിന്നും ബിസിനസ്സ് മാന്ദ്യവും മുൻപിനാലെ നൽ

കിയ ഡെപ്പോസിറ്റ് സംഖ്യയിലെ അന്തരവും ചൂണ്ടിക്കാണിച്ച് വാടക കാലാനുസൃതമായി പുതുക്കി നിശ്ചയിക്കുന്ന കാര്യത്തിൽ തീരുമാനം ഉണ്ടാക്കാൻ കഴിഞ്ഞില്ല. തുടർന്ന് പള്ളിയുടെ ഭാഗത്തുനിന്നും, വാടകക്കാർ വിവിധ കാലഘട്ടങ്ങളിൽ നൽകിയിട്ടുള്ള ഡെപ്പോസിറ്റ് സംഖ്യയിൽ ഏകീകരണം വരുത്താമെന്നും, വാടക നിലവിൽ അയ്യന്തോളിലെ മറ്റു വാണിജ്യ കെട്ടിടങ്ങളിൽ ലഭിച്ച് വരുന്ന പ്രകാരം, പുനർനിർണ്ണയിക്കണമെന്നും കാണിച്ച് രേഖാമൂലം അറിയിക്കുകയുണ്ടായി. എന്നാൽ ഇതുവരെയും ഉഭയ സമ്മതപ്രകാരം വാടക പുതുക്കി നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല. വാടകക്കാരിൽ നിന്നും ന്യായമായ വാടക ലഭിക്കാതിരിക്കുന്നതുമൂലം പള്ളിക്ക് സാരമായ നഷ്ടം നേരിടുന്നുണ്ട്. അതിനാൽ തന്നെ വാടക പുതുക്കി നിർണ്ണയിക്കുന്നതിന് നിയമപരമായ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിന് പള്ളി നിർബന്ധിതരായിരിക്കുകയാണ്.

## 15.01.2022ലെ പ്രതിനിധിയോഗ തീരുമാനങ്ങൾ

1. 2021 നവംബർ, ഡിസംബർമാസങ്ങളിലെ കണക്കും ഓഡിറ്റ് റിപ്പോർട്ടും വായിച്ചു പാസാക്കി.

2. ശ്രീ ബെഞ്ചമിൻ വർഗ്ഗീസിന്റെ അപേക്ഷ പരിഗണിച്ച് അദ്ദേഹത്തിന്റെ പിതാവിന്റെ ഭൗതികാവശിഷ്ടങ്ങൾ ബോക്സ് കല്ലറയിൽനിന്ന് കുടുംബക്കല്ലറയിലേക്ക് മാറ്റി സ്ഥാപിക്കാനും ടി ബോക്സ് കല്ലറ പള്ളിയിലേക്കു മുതൽകൂട്ടാനും തീരുമാനിച്ചു.

3. ചിറമ്മൽ ജോസഫ് ഭാര്യ എൽസി എന്നവരുടെ അപേക്ഷ പരിഗണിച്ചു, ടിയാരിയുടെ ഭർത്താവിന്റെ ഭൗതികാവശിഷ്ടങ്ങൾ ഒല്ലൂർ ഇടവകയിൽനിന്ന് കൊണ്ടുവന്ന് ഇവിടെ കുടുംബകല്ലറയിൽ വയ്ക്കുന്നതിനെ സംബന്ധിച്ച് അതിരൂപതാ നിയമങ്ങൾക്ക് വിധേയമായി തീരുമാനമെടുക്കാൻ തീരുമാനിച്ചു.

4. പള്ളി ഓഫീസ് കോംപ്ലക്സിലേക്ക് 8 യൂണിറ്റിന്റെ മോണിറ്റർ ഉൾപ്പെടെയുള്ള സി.സി.ടി.വി ക്യാമറ വാങ്ങുവാൻ തീരുമാനമെടുത്തു. ആയതിന് ബഹു. വികാരിയച്ചനേയും കൈക്കാരന്മാരേയും ചുമതലപ്പെടുത്തി.

5. നിയമപ്രകാരം അനുമതി ലഭിക്കുകയാണെങ്കിൽ 2022 ജനുവരി തിരുനാളിന് പള്ളിയങ്കണത്തിനുള്ളിൽ ബാന്റ് മേളം സംഘടിപ്പിക്കാൻ തീരുമാനിച്ചു.

പ്രതിനിധിയോഗം സെക്രട്ടറി
**അഡ്വ. ബിനീത ജോയ്**

# കാണാപ്പുറങ്ങൾ - വി. യൗസേപ്പിതാവ്

**ചെൽസി ഹാവിസ്, ലിറ്റിൽ ഫ്ളവർ യൂണിറ്റ്**

വി. യൗസേപ്പ് - രക്ഷകന്റെ സംരക്ഷകൻ - അപ്പമായിത്തീർന്നവന് അപ്പം നൽകിയവൻ. തന്റെ മരണക്കിടക്കക്ക് തൊട്ടരികിൽ ഈശോയും, അമ്മയും - ഇതുപോലെ ഭാഗ്യമരണം ലഭിച്ച ആരുണ്ട് ഈ ഭൂമിയിൽ. പകരം വയ്ക്കാൻ ആളില്ലാത്തതുകൊണ്ട് സ്വർഗ്ഗം ചാർത്തി കൊടുത്ത പട്ടമാണ് ഈ നന്മരണമധ്യസ്ഥൻ. ഇദ്ദേഹത്തിന്റെ മരണത്തേക്കുറുച്ച് വി. വേദപുസ്തകത്തിൽ ഒന്നും നാം വായിക്കുന്നില്ല. 15-ാം നൂറ്റാണ്ട് മുതലാണ് പിതാവിന് പ്രാർത്ഥനാപരമായ ആദരവ് നൽകപ്പെട്ടു തുടങ്ങിയത്. വിശുദ്ധനോടുള്ള ആദരാർത്ഥം കത്തോലിക്കാസഭ 2 തിരുനാളുകൾ ആഘോഷിക്കുന്നു. ഇതിൽ ഒന്നാമത്തെ തിരുനാൾ മാർച്ച് 19ന്-മരണത്തിരുന്നാളായി കൊണ്ടാടുന്നു.

വി. യൗസേപ്പിന്റെ നമുക്കറിയാത്ത ചില ബാല്യകാല വിവരങ്ങൾ ഇങ്ങനെയാണ്. നസറത്തുകാരനായ യാക്കോബിന്റേയും ബെത്‌ലഹേംകാരി റാഹേലിന്റെയും പ്രിയപുത്രനായി യൗസേപ്പ് ജനിച്ചു. 8-ാം ദിവസം പരിഛേദനം ചെയ്തു. കുഞ്ഞുയൗസേപ്പ് ആദ്യം ഉച്ചരിച്ചവാക്ക് 'എന്റെ ദൈവമേ' എന്നായിരുന്നു. ദൈവത്തെ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും വേദനിപ്പിക്കാത്ത ശൈശവകാലം. 'ദൈവമേ കാത്തുരക്ഷിക്കണമേ' എന്ന സുകൃതജപം ചൊല്ലിക്കൊണ്ടാണ് ആ മകന്റെ നടപ്പ്. അമ്മ മകനെപ്പറ്റി കണ്ട സ്വപനം ഇതായിരുന്നു തന്റെ മകൻ രക്ഷകനെ കാണും. അവന്റെ സഹവാസത്തിൽ ജീവിക്കും. മാലാഖ കൊടുത്ത സന്ദേശം അമ്മ പരസ്യമാക്കിയില്ല. ആജീവനാന്തം ബ്രഹ്മചര്യം പാലിക്കും എന്ന തീരുമാനത്തിൽ ദൈവം സംപ്രീതനായി ഒരു അരപ്പട്ട അംഗീകാരമുദ്രയായി നൽകി. ഉടനെ മുട്ടുകുത്തി നന്ദിപറഞ്ഞു. 18 വയസ്സായി. ജോസഫ് അമ്മയോട് താൻ വേദനിപ്പിച്ചെങ്കിൽ ക്ഷമിക്കാൻ അപേക്ഷിച്ചു. പിറ്റേന്നു അമ്മ മരിച്ചു. പിതാവിനെയും താമസിയാതെ എടുക്കുമെന്ന് ദർശനമുണ്ടായി. പിതാവ് രോഗിയായി. നന്നായി ശുശ്രൂഷിച്ചു ദൈവകരുണയിൽ ആശ്രയിക്കാൻ പ്രേരിപ്പിച്ചു നിത്യജീവൻ ലഭിക്കുമെന്നു പ്രത്യാശനൽകി. അപ്പൻ തന്റെ സ്വത്തെല്ലാം മകന് നൽകി. നല്ല മരണം വരിച്ചു.

നന്മയും നീതിയും ചേർന്ന രക്ഷാകർതൃത്വം തന്റെ പുത്രനായി ദൈവം ഒരുക്കിയത് നീതിമാനായ വിശുദ്ധയൗസേപ്പിലൂടെയാണ്. നന്മരണത്തിനായി പ്രാർത്ഥിക്കുമ്പോൾ നമുക്കും ആശ്രയിക്കാൻ വി. യൗസേപ്പിതാവല്ലാതെ മറ്റാരുണ്ട്? നന്മരണമധ്യസ്ഥാ, വി. യൗസേപ്പിതാവേ, ഞങ്ങളെ കാക്കണമേ.

# 7-ാം ചരമവാർഷികം

**06.02.2022**



## നായങ്കര (ചാണ്ടി)
## അന്തോണി മകൾ

# റോസ

ജനനം : 10.07.1926    മരണം : 06.02.2015

പ്രാർത്ഥനാപൂർവ്വം
കുടുംബാംഗങ്ങൾ

# Sangeerthanam Tower

Events Hall





PEARL, GROUND FLOOR NON A/C HALL



RUBY, 1st FLOOR A/C HALL



COREL, 2nd FLOOR NON A/C HALL

വിവാഹം, വിവാഹ നിശ്ചയം, വാർഷികം, ജന്മദിനം
ആഘോഷങ്ങൾ, സെമിനാറുകൾ, കമ്പനി മീറ്റിംഗുകൾ എന്നി
പരിപാടികൾക്ക് ഹാൾ വാടകയ്ക്ക് നൽകുന്നു.

## Sangeerthanam Tower

Near St. Mary's Assumption Church
Ayyanthole, Thrissur - 680 003
Tel : 9447002763, 9847441111

Praise & Thanks to God

# സപ്തതിയുടെ നിറവിൽ

22 .02. 2022



## ER. Thomas C.K.

(S/o. Kuriappan Master & Thresia Tharakan)
Thekkanath Cherpukaran House, Thiruvanoth Road, Ayyanthole

Mrs. Lucy Thomas - Chollamadam
Palakottil, Vazhakulam, Muvattupuzha

Dr. Antony, M.S, MCH (Urology) & Dr. Gloria, M.S. (Otho)
Aiden (Thomas) & Emma (Tresa Thandiakkal)

ER. Maria Lucy B.E. MBA & ER. Sanju john, BE, M.Tech (IIT)
Tara Ann (Jessy Maveli)

St. Pauls Unit

# Mi LIFESTYLE MARKETING GLOBAL PVT. LTD.

**Ayush Premium Certification**
ഉള്ള പാർശ്വഫലങ്ങളില്ലാത്ത ആയുർവേദ
(Wellness, Illness, Beauty
& Home Care) Products

**IMMUNITY BOOSTER**



KAVACHPRASH

**MAN Shakti-man**




- ലിവറിന്റെ പ്രശ്നങ്ങൾ • കിഡ്നി സ്റ്റോൺ • ഉറക്കക്കുറവ്
- സ്ട്രെസ്സ് • പ്രമേഹം • അനീമിയ • അമിതവണ്ണം
- സന്ധിവാതം • മുട്ടുവേദന • കാൽസ്യക്കുറവ് • പനി
- ഗ്യാസ് ട്രബിൾ • അലർജി • ആസ്ത്മ
- PCOD • PCOS • Periods Problem
- Sperm count കുറവുമൂലം കുട്ടികൾ ഉണ്ടാകാത്ത അവസ്ഥ
- ഉന്മേഷക്കുറവ് • കൊളസ്ട്രോൾ

നിരവധി പ്രശ്നങ്ങൾക്കുള്ള ശാശ്വത പരിഹാരം

**Contact : 9747372443**

# കുടുംബകൂട്ടായ്മ വാർത്തകൾ

ലിറ്റിൽ ഫ്ളവർ കുടുംബകൂട്ടായ്മയുടെ 30-ാം വാർഷികം 2021 ഡിസംബർ 19-ാം തിയ്യതി ഞായറാഴ്ച രാവിലെ 6.30ന് ബഹു. വികാരിയച്ചൻ ദിവ്യബലിയോടെ ആരംഭിച്ചു. യൂണിറ്റിലെ എല്ലാ കുടുംബാംഗങ്ങളും കാഴ്ചസമർപ്പണം നടത്തുകയുണ്ടായി. വായനകൾക്കും പ്രാർത്ഥനകൾക്കും യൂണിറ്റംഗങ്ങൾ നേതൃത്വം നൽകി. വൈകീട്ട് 6 മണിക്ക് വലിയ പാരിഷ്ഹാളിൽവച്ച് പ്രാർത്ഥനയോടുകൂടി പൊതുയോഗം ആരംഭിച്ചു. ബഹു. വികാരി ജെയ്സൺ പുന്നശ്ശേരിയച്ചൻ ദീപം തെളിയിച്ച് യോഗം ഉദ്ഘാടനം ചെയ്തു. ജോയിന്റ് സെക്രട്ടറി ബബിത ജോഷി പ്രോഗ്രാം കോർഡിനേറ്റർ ആയിരുന്നു. പ്രസിഡന്റ് ശ്രീ. ടോണി തരകൻ സ്വാഗതം ആശംസിച്ചു. കേന്ദ്രസമിതി കൺവീനർ അഡ്വ. നെറ്റോ നെല്ലിശ്ശേരി മുഖ്യ പ്രഭാഷണം നടത്തി. ആനിമേറ്റർമാരായ സി. കാതറിൽ സി.എച്ച്.എഫ്., കൈക്കാരൻ ജെയിംസ് കളപുരയ്ക്കൽ എന്നിവർ യോഗത്തിൽ ആശംസകൾ നേർന്നു. സെക്രട്ടറി ശ്രീ. ലാസർ ഊളക്കാടൻ അവതരിപ്പിച്ച വാർഷിക റിപ്പോർട്ടും ട്രഷർ നിക്സൻ കെ. ഡേവീസ് അവതരിപ്പിച്ച വാർഷിക കണക്കും യോഗം അംഗീകരിച്ചു. 10,+2ൽ ഫുൾ A+ ലഭിച്ചവർക്ക് വികാരിയച്ചൻ സമ്മാനങ്ങൽ നൽകി ആദരിച്ചു. കത്തോലിക്കകോൺഗ്രസ്സ് അതിരൂപത ജോയിന്റ് സെക്രട്ടറിയായും ബസിലിക്ക വൈസ് പ്രസിഡന്റായും തിരഞ്ഞെടുക്കപ്പെട്ട ശ്രീമതി മേഫി ഡെൽസൻ വികാരിയച്ചൻ സമ്മാനം നൽകി ആദരിച്ചു. യോഗത്തിൽ കൊച്ചു കലാകാരികളും വലിയവരും അവതരിപ്പിച്ച കലാപരിപാടികളും യോഗത്തിന് മാറ്റുകൂട്ടുകയും ചെയ്തു. യോഗാനന്തരം സ്നേഹ വിരുന്നും ഉണ്ടായിരുന്നു. വൈസ് പ്രസിഡന്റ് മേഫി ഡെൻസന്റെ നന്ദിപ്രകാശനത്തോടെ വാർഷിക പൊതുയോഗം സമാപിച്ചു.





# ഓർമ്മിക്കുക ആചരിക്കുക

| | | |
|---|---|---|
| 04.03.2022 | വെള്ളി | **മാസാദ്യവെള്ളി** |
| 05.03.2022 | ശനി | **വി. അഡ്രിയൻ** |
| 06.03.2022 | ഞായർ | **നോമ്പ് രണ്ടാംഞായർ** |
| 08.03.2022 | ചൊവ്വ | **വി. യോഹന്നാൻ** |
| 13.03.2022 | ഞായർ | **നോമ്പ് മൂന്നാം ഞായർ** |
| 19.032022 | ശനി | **വി. യൗസേപ്പിതാവിന്റെ മരണതിരുനാൾ, അർണോസ് പാതിരി ചരമവാർഷികം** |
| 20.03.2022 | ഞായർ | **നോമ്പ് നാലാം ഞായർ** |
| 25.03.2022 | വെള്ളി | **മംഗളവാർത്ത തിരുനാൾ** |
| 27.03.2022 | ഞായർ | **നോമ്പ് അഞ്ചാം ഞായർ** |
| 31.03.2022 | വ്യാഴം | **വി. ബെഞ്ചമിൻ** |



# മതബോധനവാർത്തകൾ

പ്രിയ മതബോധനവിദ്യാർത്ഥികളെ, മതാദ്ധ്യാപകരെ, മാതാപിതാക്കളെ,

പുതുവർഷത്തെ നിങ്ങൾ ആവേശത്തോടെ വരവേറ്റു കാണും. ഒരുപാട് പുതിയ തീരുമാനങ്ങൾ എടുത്തിട്ടുണ്ടാകും. നന്നായി പ്രാർത്ഥിക്കുവാൻ, നന്നായി പഠിക്കുവാൻ, നല്ല മക്കളായി വളരുവാൻ അങ്ങനെ നീണ്ടുപോകുന്ന പുതിയ തീരുമാനങ്ങൾ എന്നാൽ "നാളെമുതൽ" ആകാം എന്ന് ചിന്തിച്ച് തീരുമാനങ്ങൾ നീട്ടി വെയ്ക്കും. പഴമക്കാർ പറയുന്നതുപോലെ എല്ലാം "നാളെ നാളെ നീളെ, നീളെ" ആകും. അത്തരം ഒരു അവസ്ഥ നിങ്ങൾക്ക് ഉണ്ടാകരുത്.

വി. സെബസ്റ്റ്യാനോസിന്റെ അമ്പ് തിരുനാൾ എല്ലാവരും ആഘോഷിച്ചു കാണുമെന്ന് വിശ്വസിക്കട്ടെ. 'ഒമിക്രോൺ' മഹാമാരിയിൽ നിന്നുള്ള സംരക്ഷണവും, രോഗമുക്തിയും രോഗവ്യാപനം തടയുന്നതിനും പകർച്ചവ്യാധികളുടെ മദ്ധ്യസ്ഥനായ വി.സെബസ്റ്റ്യാനോസിനോട് നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരിക്കണം. തീർച്ചയായും പ്രാർത്ഥന കേൾക്കാതിരിക്കില്ല.

ഫെബ്രുവരിമാസം വാർഷിക പരീക്ഷകളുടെ മാസമാണ്. വാർഷിക പ്രോഗ്രാം അനുസരിച്ച് വാർഷിക പരീക്ഷകളുടെ "Time Table" നിങ്ങൾ കണ്ടുകാണും. പാഠഭാഗങ്ങൾ നന്നായി പഠിച്ചൊരുങ്ങണം. മാതാപിതാക്കൾ സഹായത്തിന് ഉണ്ടാകുമല്ലോ. അലസത മാറ്റിവെച്ച് പഠിച്ച കാര്യങ്ങൾ കൂടുതൽ മനസ്സിലാക്കാനും, പഠിക്കാതെ പോയ കാര്യങ്ങൾ വീണ്ടും ശ്രദ്ധിക്കാനും കുറച്ചു സമയം കൂടിയേ ഉള്ളൂ. പരി

ശുദ്ധാത്മാവിനോടുള്ള കൊച്ചുപ്രാർത്ഥന പഠിക്കാൻ തുടങ്ങുമ്പോഴും പരീക്ഷ എഴുതുവാൻ തുടങ്ങുമ്പോഴും മനസ്സിൽ ചൊല്ലണം. നന്നായി പഠിച്ചൊരുങ്ങി മതബോധന പരീക്ഷകളും അക്കാഡമിക് തലത്തിലുള്ള പരീക്ഷകളും എൻട്രൻസ് പരീക്ഷകളും എഴുതണം. എല്ലാവർക്കും ഉന്നതവിജയം ആശംസിക്കുന്നു.

ഫെബ്രുവരി 27ന് നോമ്പ് ആരംഭിക്കും. നോമ്പുകാലം പ്രാർത്ഥനയുടെയും, ഉപവാസത്തിന്റെയും, പ്രായശ്ചിത്തത്തിന്റെയും പരസ്നേഹ പ്രവർത്തികളുടെയും, മാനസാന്തരത്തിന്റേയും, മനപരിവർത്തനത്തിന്റെയും കാലഘട്ടമാണ് എല്ലാ ദിവസവും വി. കുർബ്ബാനയിൽ സജീവമായി പങ്കെടുക്കണം. നോമ്പെടുത്ത് പുണ്യപ്രവർത്തികൾ ചെയ്യണം. കർത്താവിന്റെ ഉത്ഥാന തിരുനാളിനായി നന്നായി ഒരുങ്ങണം.

പത്താംക്ലാസ്സിലും പന്ത്രണ്ടാംക്ലാസ്സിലും പഠിക്കുന്ന കുട്ടികൾ അവരുടെ ഭാവിജീവിതം എങ്ങനെവേണം, ഏത് തരത്തിലാകണം എന്നൊക്കെ തീരുമാനിക്കുന്ന സമയമാണ്. മറ്റൊരു വാക്കിൽ പറഞ്ഞാൽ എന്റെ ജീവിതാന്തസ്സ് എന്തായിരിക്കണം എന്ന് തീരുമാനിക്കുകയും തിരഞ്ഞെടുക്കുകയും ചെയ്യുന്ന സമയം. ഓരോ മനുഷ്യനെയുംക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതി തിരിച്ചറിയലാണ് ദൈവവിളി. നമ്മിലെ ദൈവവിളി നാം തിരിച്ചറിയണം. നല്ല ദൈവവിളികൾ ഉണ്ടാകുവാൻ നിങ്ങൾ പ്രത്യേകം പ്രാർത്ഥിക്കണം. നിങ്ങളിലെ ദൈവവിളി തിരിച്ചറിയുവാനും ജീവിതാന്തസ്സ് തിരഞ്ഞെടുക്കുവാനും ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ഹൃദയത്തിലെ ഈശോയുടെ സാന്നിദ്ധ്യം നന്നായി ജീവിക്കുവാൻ ശക്തിയും പ്രചോദനവും നൽകട്ടെ. എല്ലാവർക്കും വിജയാശംസകൾ നേരുന്നു.

**ബിൽസി ഫ്രാൻസീസ്**
പ്രിൻസിപ്പാൾ

ആത്മകഥ

# സാറാ-രാജകുമാരി

**ഫ്രിജി മേജോ,** ക്രിസ്തുരാജ യൂണിറ്റ്

നിങ്ങളുടെ പൂർവ്വപിതാവ് അബ്രാഹത്തിന്റെ സഹധർമ്മിണി സാറായാണ് ഞാൻ. സമ്പന്നതിയിൽ ഓമനപുത്രിയായാണ് ഞാൻ വളർന്നത്. ഒരു സത്യം ഞാൻ പറയാം. നിങ്ങൾക്കറിയുമോ ഞങ്ങളുടെ രണ്ടുപേരുടേയും പിതാവ് ഒരാൾ തന്നെയാണ്. അമ്മമാർ വേറെയും. അബ്രാം-സാറായി എന്ന് വിളിക്കപ്പെട്ടിരുന്ന ഞങ്ങൾ സന്തുഷ്ടിയിലും സമാധാനത്തിലും കഴിയവേ ഒരുദിവസം മേച്ചിൽ സ്ഥലത്തുനിന്നും ഓടി വന്ന് അദ്ദേഹം എന്നോട് പറഞ്ഞു. ഏൽഷദ്ദായി (ദൈവം) പ്രത്യക്ഷപ്പെട്ട് എന്നോട് പറഞ്ഞു. നമ്മൾ രണ്ടുപേരും ലോത്തിന്റെ കുടുംബത്തോടുകൂടി നാടും വീടും ഉപേക്ഷിച്ച് ഇന്നുരാത്രി തന്നെ യാത്രതിരിക്കാൻ. സുരക്ഷിതരായി കഴിഞ്ഞ ഞങ്ങൾ അരക്ഷിതാവസ്ഥയിൽ വെറും നാടോടികളായിത്തീർന്നു. പ്രതിഫലമോ അനുഗ്രഹാശിസ്സുകളും! അഗതികളാകാൻ വിളിച്ചവനോട് ആമ്മേൻ പറഞ്ഞു.

പ്രതിസന്ധിനിറഞ്ഞതാണ് കുഞ്ഞുങ്ങളേ ഈ ജീവിതം. സർവ്വശക്തനെ അള്ളിപ്പിടിച്ചാലോ ചുമലിലേറ്റി നടക്കും നമ്മെ,

ഈജിപ്തിലെ പരീക്ഷണം എങ്ങനെ മറക്കും ഞാൻ. അബ്രാഹം തന്റെ ജീവൻ രക്ഷിക്കാൻ ഞാൻ സഹോദരിയാണെന്ന് പറഞ്ഞു. ഫറവോയുടെ ആളുകൾ സുന്ദരിയായ എന്നെ അറക്കുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപോലെയല്ലെ കൊട്ടാരത്തിലേക്ക് എത്തിച്ചത്. ദൈവം രാജാവിനേയും കുടുംബത്തേയും പീഡിപ്പിച്ചു. കളങ്കമേൽക്കാതെ ദൈവം എന്നെ കാത്ത നിമിഷങ്ങൾ. മക്കളില്ലാത്തതിന്റെ നൊമ്പരം സഹിക്കാനാവാതെയാണ് അടിമയായ ഹാഗാറിൽനിന്ന് സന്തതിയുണ്ടാവാൻ ഞാൻ വിട്ടുകൊടുത്തത്. ദൈവത്തിന്റെ വാഗ്ദാനം എന്ന് നിറവേറാനാ, ഞങ്ങൾ വൃദ്ധരായല്ലോ - എന്റെ അവിശ്വാസം. താമസിയാതെ എനിക്കാ സഹനവും ഏറ്റുവാങ്ങേണ്ടിവന്നു. ഹാഗാറിനേയും മകൻ ഇസ്മയേലിനേയും പുറത്താക്കാൻ ഞാൻ നിർബന്ധിതയായി.

തൊണ്ണൂറ്റൊമ്പതു വയസ്സുള്ളപ്പോഴാണ് എനിക്ക് ഒരു പുത്രൻ ജനിക്കുമെന്ന് ദൈവം അരുളിചെയ്തത്. ഇത് കേട്ട് ചിരിച്ചവരാണ് ഞങ്ങൾ. ഈ അവിശ്വാസത്തിൽനിന്ന് ഉണ്ടായ പുത്രന് 'അവൻ ചിരിക്കുന്നു' എന്നർത്ഥമുള്ള ഇസഹാക്ക് എന്ന് പേരിട്ടു.

## നിങ്ങൾക്കറിയുമോ ബൈബിളിലെ ഇവരുടെ പേരുകൾ

**കുര്യൻ തേറാട്ടിൽ**
സെന്റ് തോമാസ് യൂണിറ്റ്

1. ഇസഹാക്കിന്റെ ഭാര്യ
2. ഇസ്രായേലിലെ ആദ്യത്തെ രാജാവ്
3. ഏലിയായെ വധിക്കാൻ ശ്രമിച്ച രാജ്ഞി
4. ഉണങ്ങിയ അസ്ഥികളോട് പ്രസംഗിച്ച പ്രവാചകൻ
5. ആമോസിനു മുടക്കു കല്പിച്ച പുരോഹിതൻ
6. അപ്പസ്തോലൻ യാക്കോബിന്റെ പിതാവ്
7. സൂസന്നായുടെ ഭർത്താവ്
8. പൗലോസ് ശപിച്ച മാന്ത്രികൻ
9. പത്രോസിനെ തടവിലാക്കിയ രാജാവ്
10. റൂത്തിന്റെ മകൻ

**ഉത്തരങ്ങൾക്ക് 22–ാം പേജ് കാണുക**

സച്ചിതാനന്ദൻ സ്വർഗഗേഹത്തിന്റെ പ്രതീതി ഞങ്ങളിൽ ഉളവാക്കി - പൊട്ടിച്ചിരിയും ആനന്ദവുംകൊണ്ട് ഞങ്ങളുടെ ഹൃദയം നിറഞ്ഞു.

യേശുവാണ് രണ്ടാം ഇസഹാക്ക്. ഇനി പിന്നീട് ഇസഹാക്ക് തന്നെ അവന്റെ ആത്മകഥ പറയട്ടെ.





# പാവം കഴുതയുടെ രോദനം

**അഞ്ജന ജൂപ്പിറ്റർ**
മഡോണ യൂണിറ്റ്

'മനുഷ്യാ' നീ എന്നെ മണ്ടനും മടിയനുമായിട്ടാണല്ലോ കരുതുന്നത്. എനിക്കതിൽ പരാതിയില്ല. സ്വതന്ത്രനായി ഞാൻ കാടുകളിൽ കരുത്തനായി ഓടിനടന്ന കാലം. എല്ലാവർക്കും അന്ന് അസൂയയായിരുന്നു. ഞാൻ ആരേയും ദ്രോഹിച്ചിട്ടില്ല. പക്ഷേ കാട്ടിൽ വച്ചു കണ്ടുമുട്ടിയ നീ എന്നെ നാട്ടിലേക്കു ക്ഷണിച്ചു അയ്യായിരം വർഷങ്ങൾക്കു മുമ്പുള്ള കഥ. ആഹാരവും വീടും വാഗ്ദാനം ചെയ്തു. എന്നാൽ നിന്റെ ഭാരം ചുമന്നും നിലമുഴുതും ഞാൻ നിന്നെ സേവിച്ചു. നീ എനിക്കുതന്ന പ്രതിഫലമോ – കൂടുതൽ ഭാരം, രോഗിയായപ്പോൾ തീ കൊണ്ടു പൊള്ളിച്ചു, വൃദ്ധനായപ്പോൾ തോലുരിഞ്ഞ് ഉടുപ്പുമുണ്ടാക്കി. നിനക്കത് പ്രയോജന പ്രദമായതിൽ എനിക്കു സന്തോഷമുണ്ട്. എന്നിട്ടും നീയെന്നെ പരിഹസിച്ചു. എന്റെ ചേട്ടൻ കുതിരയെ ആദരിക്കുന്നുണ്ടല്ലോ. അവൻ നിന്നെ തൊഴിച്ചാലും നിനക്കു പരാതിയില്ല.

ഒന്നു ഞാൻ പറയാം. നിന്റെ പിതാമഹന്മാരായ അബ്രാഹവും യാക്കോബും മറ്റുള്ളവരും എന്റെ അമ്മാവൻ ഒട്ടകത്തേയും കുതിരച്ചേട്ടനേയുംകാൾ വിശ്വസ്ത സഹചാരിയായി എന്നെയാണ് കൊണ്ടുനടന്നത്. അതിലേറെ മോശ എന്ന ദൈവദാസനാണ് എന്നെ സഹായിച്ചത്. ചുമടിനടിയിൽ വീണു പോയാൽ എഴുന്നേൽപ്പിക്കാനും എന്റെ മാംസം ഭക്ഷിക്കരുതെന്നു കല്പിച്ചു. അല്ലെങ്കിൽ പണ്ടേ എനിക്ക് വംശനാശം സംഭവിക്കുമായിരുന്നു. എന്റെ മാംസത്തിന്റെ രുചി അറിയാതെ പോയത് ഭാഗ്യം. എന്റെ കടിഞ്ഞൂലിനെ കഴുത്ത് ഞെ

രിച്ച് കൊല്ലാൻ മോശ കല്പിച്ചത് വിഷമമായീട്ടോ. എന്നാൽ രക്തവും മാംസവും സ്വീകാര്യമല്ലാത്തത് ഭാഗ്യമായി.

ഞാൻ വായ് തുറക്കാത്തതുകാരണം വിഡ്ഢി എന്നു വിളിക്കുന്നുണ്ടെങ്കിലും ഒരിക്കൽ ഞാൻ വായ് തുറന്നില്ലേ. എന്റെ വാക്ക് കേട്ട് നിന്റെ ബുദ്ധി തെളിഞ്ഞു നിനക്കു ദൂതനെ കാണാനായി. നീ രക്ഷപ്പെട്ടു.

ഞാനിപ്പോഴും ഭാഗ്യവാനാണ്. നിനക്കറിയോ രക്ഷകൻ ജനിക്കുംമുമ്പേ അമ്മ മേരിയെ ഞാൻ മുതുകിലേറ്റി. അന്നും നീ വാതിലടച്ചു. തിരിച്ചറിഞ്ഞില്ലല്ലോ രക്ഷകന്റെ അമ്മയ്ക്ക് ഇടം കൊടുക്കാൻ.

ഓശാന നാൾ നാഥൻ എന്നെ വിളിച്ചു. അന്നു നിങ്ങളെന്നെ പാട്ടുടുപ്പിച്ചു. എന്റെ മധുരസ്മരണകൾ. നാലുദിവസം കഴിഞ്ഞ് ആ രക്ഷകനെ നിങ്ങൾ വകവരുത്തി. എന്റെ കണ്ണുനീർ നിങ്ങൾ കണ്ടില്ലല്ലോ. എനിക്ക് നിന്നോട് പകയില്ല. നിന്നെയും ചിലപ്പോൾ കൂട്ടുകാർ എന്റെ പേരു വിളിക്കും. അപ്പോൾ നീയും കരയരുത്.

ഏറെ ദുഃഖത്തോടെ,
**കഴുത**

## General Quiz - മാർച്ച് 20 – ാം തിയ്യതിക്കുള്ളിൽ ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കേണ്ടതാണ്

1. പ്രഥമ ആഗോള വയോധിക ദിനം
2. മോറെ എന്ന വാക്കിന്റെ അർത്ഥം?
3. മനുഷ്യാവകാശ പ്രവർത്തകനായിരുന്ന ഫാ. സ്റ്റാൻസ്വാമിയുടെ സ്വദേശം?
4. മാന്നാനം പ്രസ്സിൽനിന്ന് ആദ്യം പ്രസിദ്ധീകരിച്ച പുസ്തകം?
5. പരിശുദ്ധ കന്യകാമറിയത്തെ ദൈവത്തിന്റെ അമ്മ എന്ന് ആദ്യമായ് പറഞ്ഞത്?
6. സെഹിയോൻ മാളികയിൽ ആദ്യമായി സന്ദർശനം നടത്തിയ മാർപ്പാപ്പ?
7. അമലോത്ഭവ മാതാവിന്റെ സൊഡാലിറ്റി എന്ന സംഘടനയുടെ സ്ഥാപകൻ ?
8. പുതിയ ആരാധനക്രമ വത്സരം ആരംഭിച്ച തീയതി?
9. ഇന്നു ഞാൻ നാളെ നീ എന്ന കവിത എഴുതിയതാര്?
10. ഉദയംപേരൂർ സുനഹദോസിന്റെ അദ്ധ്യക്ഷൻ ആരായിരുന്നു?

# 19th Death Anniversary

13.02.2022



## *Thanikkal Varghese*

Thanikkal House
Panchikkal, Ayyanthole

*With Loving Memory*

Rosy Varghese, Salu Varghese
Bose Varghese, Smitha Varghese


25th Wedding Anniversary
Baiju
&
Reeju
Chalissery House .Pearl Park, Ayyanthole



# ലോകോത്തര സംഗീത ഉപകരണങ്ങൾ ഒരു കുടക്കീഴിൽ

**Kerala's Biggest Music Showroom**




C.A. Baiju : 9446574349

# MusicPark

**THE EXCLUSIVE MUSICAL INSTRUMENTS SHOWROOM**

M.G. ROAD ,Thrissur, Kerala . Tel. 0487- 2446160

musicparktsr@gmail.com | www.musicparktsr.com

**MUSICAL INSTRUMENTS - SALES & SERVICE**



# 10-ാം ചരമവാർഷികം





## കോമ്പാറ
## റപ്പായി ലോനപ്പൻ

അല്ലന്തോൾ

ജനനം
13.09.1933

മരണം
08.02.2012

വേർപാടിന്റെ വേദനയുമായി
കുടുംബാംഗങ്ങൾ

# ദൈവത്തിന്റേതല്ലേ വാവെ

[illegible]




[illegible]

# ആഖോറിന്റെ താഴ്‌വര

**എയ്ഡൻ റോസ് ജോഷി**
ലിറ്റിൽ ഫ്‌ളവർ യൂണിറ്റ്

കർത്താവിന്റെ ദാസനായ മോശയുടെ മരണത്തിനു ശേഷം അവന്റെ സേവകനും നൂനിന്റെ പുത്രനുമായ ജോഷ്വയാണ് ഇസ്രായേൽജനത്തെ നയിച്ചത്. വാഗ്ദത്തഭൂമിയിൽ പ്രവേശിച്ചതു മുതൽ ഓരോ ദേശവും ജോഷ്വായുടെ നേതൃത്വത്തിൽ പിടിച്ചടക്കികൊണ്ടിരിക്കുകയാണ്. ജറീക്കോ പട്ടണം അവർ കൈവശമാക്കി. ശത്രുക്കളുടെ വസ്തുക്കൾ ഒന്നും എടുക്കരുത് എന്ന് ദൈവം കല്പിച്ചിരുന്നു. എന്നാൽ യൂദാഗോത്രത്തിൽപ്പെട്ട ആഖാൻ നിഷിദ്ധ വസ്തുക്കളിൽ ചിലത് എടുത്ത് തന്റെ കൂടാരത്തിൽ കുഴിച്ചിട്ടു. കർത്താവിന്റെ കോപം ജ്വലിച്ചു. പിന്നീട് യുദ്ധം ചെയ്യുമ്പോൾ അവർക്ക് നാടുകൾ പിടിച്ചടക്കാനാവുന്നില്ല. ജോഷ്വാ കർത്താവിന്റെ മുമ്പിൽ സാഷ്ടാംഗം വീണ് കിടന്നു. കർത്താവ് അവനോട് അരുളിചെയ്തു. നീ എന്തിന് ഇങ്ങനെ സാഷ്ടാംഗം വീണുകിടക്കുന്നു? എന്റെ കല്പന ലംഘിച്ചവനെ പിടികൂടി സകല വസ്തുക്കളോടും കൂടെ അഗ്നിക്കിരയാക്കുക."

കർത്താവ് കാണിച്ചുകൊടുത്ത പ്രകാരം യൂദാ ഗോത്രത്തിൽപ്പെട്ട ആഖാനെ വരുത്തി. തന്റെ കൂടാരത്തിൽ കുഴിച്ചിട്ടിരുന്ന സ്വർണ്ണം, വെള്ളി, മേലങ്കി ഇവ കണ്ടെടുത്തു. ജോഷ്വാ ആഖാനോട് ചോദിച്ചു. "മകനേ, എന്തിന് ഞങ്ങളുടെ മേൽ നീ ഈ കഷ്ടതകൾ വരുത്തിവച്ചു? നിന്റെ മേലും കർത്താവ് ഇന്ന് കഷ്ടതകൾ വരുത്തും. അവനെയും കുടുംബത്തെയും കല്ലെറിഞ്ഞു. വസ്തുവകകൾ അഗ്നിക്കിരയാക്കി. അവർ അവന്റെ മേൽ ഒരു വലിയ കൂമ്പാരം ഉണ്ടാക്കി. അത് ഇന്നും അവിടെ ഉണ്ട്. ആഖോറിന്റെ താഴ്‌വര എന്നാണ് അത് അറിയപ്പെടുന്നത്. ദൈവകല്പനകൾ പാലിക്കാൻ നാം എന്നും കടപ്പെട്ടിരിക്കുന്നു. അല്ലാത്തപക്ഷം അവിടുത്തെ കോപം നമുക്കെതിരെ ജ്വലിക്കും.

# ഏച്ചുകൂട്ടുന്ന ചരട്

**സാവിയോൺ ഷാന്റി**
ഹോളി ഫാമിലി യൂണിറ്റ്

2019 ഡിസംബർ10-ാം തീയതി, അന്നാണ് അഭിയുടെ ആദ്യ കുർബാന സ്വീകരണം. കുറച്ചുദിവസമായി ഉറക്കത്തിലും ഉണർവ്വിലും അവന് ഇതു മാത്രമേയുള്ളൂ ചിന്ത. എല്ലാവരും കുർബാന സമയത്ത് ഈശോയെ സ്വീകരിക്കുന്നത് കാണുമ്പോൾ ആർത്തിയോടെ നോക്കിനിൽക്കാറുണ്ട്.

വിദേശത്തുനിന്ന് ഡാഡി വന്നിട്ട് ദിവസങ്ങളായി. വീട് മോടി പിടിപ്പിക്കുന്നു, എല്ലാവരേയും ക്ഷണിക്കുന്നു, മമ്മിയാണെങ്കിൽ അവനുള്ള ഡ്രസ് ഒരുക്കുന്ന തിരക്കിലും. അവനാകട്ടെ ഇതിലൊന്നും താല്പര്യമേയില്ല. തന്റെ ഹൃദയം ഒരുക്കി എങ്ങിനെ ഈശോയെ വരവേൽക്കണം എന്ന ചിന്തമാത്രം.

ഡിസംബർ 10 വന്നെത്തി. രാവിലെ 4 മണിക്ക് തന്നെ ഉണർന്നു കുളിച്ചൊരുങ്ങി. പ്രകൃതിയും തനിക്കായ് കുളിരണിഞ്ഞു മഞ്ഞു പൊഴിച്ചു നിൽക്കുകയാണ്.

തൂവെള്ള വസ്ത്രങ്ങളണിഞ്ഞ് അവൻ പള്ളിയിലെത്തി. പിന്നെ ഒരു മായാലോകത്തിലെത്തിയ പ്രതീതി. അച്ചന്റെ മുമ്പിൽ കുർബാനക്ക് നിൽക്കുമ്പോഴും താൻ മാലാഖമാരോടൊത്ത് പ്രാർത്ഥനയിലും ഗാനാലാപനത്തിലും ലയിച്ചപോലെ. ഒടുവിൽ ആ ധന്യനിമിഷം. തന്റെ കയ്യിൽ വൈദികൻ വച്ചുതന്ന തിരുവോസ്തി. അതു സ്വീകരിച്ചപ്പോൾ അഭിക്ക് താൻ ഒരു പഞ്ഞിക്കൂട്ടത്തിൽ ഉയർന്നുപോകുന്നതുപോലെ തോന്നി. ഈശോ തന്റെ ഉള്ളിൽ മറക്കില്ല ഈ നിമിഷം. ഇനി ഒരിക്കലും പാപം ചെയ്ത് ഈ വെള്ളയുടുപ്പിൽ ഞാൻ കറ പുരളാൻ സമ്മതിക്കില്ല.

വീട്ടിലെ സദ്യവട്ടങ്ങളും തിരക്കും ഒഴിഞ്ഞു. എല്ലാവരും സമ്മാനങ്ങളും നൽകി തിരിച്ചുപോയി. സന്ധ്യയായി. അഭി അപ്പാപ്പന്റെ അടുത്തുചെന്ന് അപ്പാപ്പന് ഉമ്മ കൊടുത്തു. അപ്പാപ്പൻ അവനെ മടിയിലിരുത്തി, അവനോട് പറഞ്ഞു. മോനെ നീയിപ്പോൾ ഈശോയെ കൈക്കൊണ്ട് അരൂപിയിലാണ്. ഈ അവസ്ഥ എന്നും നിലനിർത്തണം. ഇടയ്ക്കിടക്ക് കുമ്പസാരിക്കണം. അവൻ ചോദിച്ചു: അതെന്തിനാ അപ്പാപ്പാ. അദ്ദേഹം പറഞ്ഞു: മോനേ



# ചാരം നശ്വരതയുടെ പ്രതീകം

ക്രിസ്ത്യാനികൾ വിഭൂതി ദിവസം നെറ്റിയിൽ ചാരം പൂശി അമ്പതുനോമ്പിനു ആരംഭം കുറിക്കുന്നു. മനുഷ്യന്റെ നശ്വരതയെ സൂചിപ്പിക്കുന്ന പ്രതീകമാണ് ചാരം. ഒപ്പം അനുതാപത്തിനുള്ള ആഹ്വാനവും, സ്വതന്ത്രമനസ്സോടെ ചെയ്യുന്ന ദൈവകല്പനകളുടെ ലംഘനമാണല്ലോ പാപം. നമുക്ക് ദൈവം നല്കിയിട്ടുള്ള പത്തുകല്പനകളിലൂടെ കടന്നുപോയി ആത്മപരിശോധന നടത്താം. ഉപേക്ഷിക്കേണ്ടവ ഉപേക്ഷിച്ചും സ്വീകരിക്കേണ്ടവ സ്വീകരിച്ചും ആത്മീയ ജീവിതത്തിൽ ഒരു ഉയിർത്തെഴുന്നേൽപ്പ് നടത്താം. ചെയ്തുപോയ തെറ്റുകൾക്ക് ഉചിതമായ പരിഹാരം ചെയ്യണം. പരിത്യാഗ പ്രവർത്തികൾ ദാനധർമ്മം, പ്രാർത്ഥന, ഉപവാസം എന്നിവയുടെ അനുഷ്ഠാനത്തിലൂടെ നമുക്ക് ഈ നോമ്പുകാലം ഫലദായകമാക്കാം. റോമ 12:21ൽ ഇപ്രകാരം പറയുന്നു. “തിന്മ നിങ്ങളെ കീഴടക്കാതിരിക്കട്ടെ. തിന്മയെ നന്മ കൊണ്ട് കീഴടക്കുവിൻ.”

ഉപവാസവും പ്രാർത്ഥനയും കൊണ്ടല്ലാതെ തിന്മ വിട്ടുപോകില്ല എന്നു യേശു നമ്മെ പഠിപ്പിക്കുന്നു. സങ്കീർത്തകനോടൊപ്പം നമുക്കും പ്രാർത്ഥിക്കാം. അറിയാതെ പറ്റുന്ന വീഴ്ചകളിൽ നിന്നും എന്നെ ശുദ്ധീകരിക്കണമെന്നും ബോധപൂർവ്വം ചെയ്യുന്ന തെറ്റുകളിൽ നിന്നും കാത്തുകൊള്ളണമെയെന്നും.

നല്കാം ദൈവത്തിനു ഒന്നാം സ്ഥാനം, നോമ്പുകാലം ഫലപ്രദമായി ഉപയോഗിച്ച് വിശുദ്ധി കൈവരിക്കാം. ദൈവകൃപയുടെ കാലമാക്കാം. നമുക്കു ഈശോയുടെ കരം പിടിച്ച് മുന്നേറാം.

---

പാപം ചെയ്യുമ്പോൾ ഈശോയുമായി നമ്മെ ബന്ധിപ്പിക്കുന്ന ഒരു ചരടുണ്ട്, അത് പൊട്ടിപ്പോകും, പിന്നെ നമുക്കീശോയുമായി ബന്ധമില്ലാതാവും. കുമ്പസാരിക്കുമ്പോൾ ഈശോ അത് കൂട്ടികെട്ടും. അപ്പോൾ ഈശോയുമായി നാം വീണ്ടും അടുക്കും. ഇതു കേട്ട് അവൻ പറഞ്ഞു, അപ്പാപ്പൻ പറഞ്ഞകാര്യം ഞാൻ അക്ഷരം പ്രതി പാലിക്കും. എന്റെ കൂട്ടുകാരോടും പറയും. ഇന്നും അവൻ ആ വൃദ്ധന്റെ വാക്കു പാലിക്കുന്നു. സഹോദരരേ ഈ പുതുവത്സരത്തിൽ നമുക്കും ഈ പ്രതിജ്ഞ എടുക്കാം.




"ശോ...! ഇവർ തമ്മിൽ ഇന്നും വഴക്കാണല്ലോ...ഇന്ന് എന്താണാവോ കാരണം. മര്യാദയ്ക്ക് ഒന്ന് കിടന്നുറങ്ങാൻ സമ്മതിക്കില്ല." സ്ഥിരമായി കേൾക്കുന്ന അപ്പന്റെയും അമ്മയുടെയും വഴക്കാണ് അവളെ ഇന്നും ഉണർത്തിയത്. വീട്ടിൽ സാധനങ്ങൾ ആകെ ചിന്നിച്ചിതറി കിടപ്പാണ്. "പള്ളിയിൽ പോകാൻ നേരത്തെ എണീക്കാൻ വച്ച അലാറം എവിടെയാണാവോ" അവൾ ഓർത്തു.

വേഗം തന്നെ സ്കൂളിലേക്ക് പോകാൻ അവൾ തയ്യാറായി. ഇന്ന് വേഗം സ്കൂളിൽ ചെല്ലാൻ പറഞ്ഞിട്ടുണ്ട്. ഒക്ടോബർ മാസത്തിന്റെ ഭാഗമായുള്ള ജപമാല ഇന്ന് ആരംഭിക്കുന്ന ദിവസമാണ്. അവൾ സ്കൂളിലേക്ക് ഓടി. ജപമാല അപ്പോഴേക്കും തുടങ്ങിയിരുന്നു. അവൾ തന്റെ കൈയിലുള്ള ജപമാല എടുത്തു. അപ്പോഴാണ് അവൾ അത് അറിഞ്ഞത്, അവളുടെ ജപമാല പൊട്ടിപ്പോയിരിക്കുന്നു. പൊട്ടിയിട്ടും അവ കൂട്ടികെട്ടിയിട്ട് അവൾക്ക് ആ ജപമാല മുഴുവനും കൂടാൻ സാധിച്ചു.

കണ്ണീരോടെയാണ് അവൾ ആ ജപമാല കൂടിയത്. തനിക്ക് സ്വന്തമായി ഉണ്ടായിരുന്ന ഒരു സമ്പാദ്യമായിരുന്നു ആ ഒരു ജപമാല. അതും നഷ്ടപ്പെട്ട വേദനയോടെ അവൾ വീട്ടിലേക്ക് പോയി. വീട്ടിലെത്തി സന്ധ്യാപ്രാർത്ഥനയിൽ അവൾ ഒരൊറ്റകാര്യമേ പ്രാർത്ഥിച്ചുള്ളൂ, ഒരു ജപമാല...!

"മാതാവേ നിനക്ക് കരുണതോന്നി എവിടന്നെങ്കിലും നീ എനിക്ക് ജപമാല വാങ്ങി തരണേ..." അവൾ പ്രാർത്ഥിച്ചു.

അന്നു രാത്രി പരിശുദ്ധ കന്യകാമറിയം അവൾക്ക് സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ടു. ദിവസവും ജപമാല ചൊല്ലുവാൻ മാതാവ് അവളോട് ആവശ്യപ്പെട്ടു. എന്നിട്ട് കൈയിലുണ്ടായിരുന്ന വെളുത്ത നിറത്തിലുള്ള ജപമാല അവളുടെ കഴുത്തിലണിയിച്ചു.

പിറ്റേന്ന് രാവിലെ എണീക്കുമ്പോൾ അവളുടെ മുറിയിൽ മേശയിൻമേൽ ഒരു ജപമാല ഇരിക്കുന്നതായി അവൾ കണ്ടു. മാതാവ് സ്വപ്നത്തിൽ തന്ന അതേ ജപമാല...!

അവൾ അമ്മയോട് ചോദിച്ചപ്പോൾ കാര്യം മനസിലായി. അമ്മ പണിക്കുപോയിരുന്ന വീട്ടിലെ ചേച്ചി കൊടുത്തതാണ് ഈ ജപമാല. "സ്വർഗത്തിലിരിക്കുന്ന മാതാവ് ഭൂമിയിലെ മനുഷ്യരിലൂടെയാണ് അത്ഭുതം പ്രവർത്തിക്കുക" എന്ന് അവളുടെ അമ്മ പറഞ്ഞത് അവൾ ഓർത്തു. അത് കൂടാതെ മാതാവ് സ്വപ്നത്തിൽ പറഞ്ഞ മറ്റൊരു കാര്യവും അവൾ ഓർത്തു. താനൊരു കന്യാസ്ത്രീ ആവണമെന്ന്. ചെറുപ്പം മുതലുള്ള തന്റെ സ്വപ്നവും ഇതായിരുന്നു. മാതാവിന്റെ അനുഗ്രഹം കൂടി ചേരുമ്പോൾ തന്റെ ആഗ്രഹം സഫലമാകുമെന്നാണ് അവളുടെ പ്രതീക്ഷ.

സ്വപ്നം കാണാൻ മിനിറ്റുകൾ മാത്രം മതി. പക്ഷേ തന്റെ ഉറക്കം കെടുത്തുന്ന സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ ഒരായുസ്സ് തന്നെ വേണ്ടിവരും. സ്വപ്നങ്ങൾ കാണുമ്പോഴുള്ള ഭംഗിയോ സുഖമോ അത് നടപ്പാക്കുമ്പോൾ ഉണ്ടാകില്ല. ദൈവരാജ്യത്തിലേക്കുള്ള സ്വപ്നസാക്ഷാത്കാരത്തിനായ് നമുക്ക് ഉണർന്ന് പ്രവർത്തിക്കാം.

## ഉത്തരങ്ങൾ

1. റബേക്കാ
2. സാവൂൾ
3. ജസബെൽ
4. എസെക്കിയേൽ
5. അമാസിയാ
6. സെബദി
7. യൊവാക്കിം
8. എലിമാസ്
9. ഹേറോദേസ് അഗ്രപ്പാ
10. ഓബെദ്

# ഒരു അമ്മൂമ്മ കഥ



അമ്മൂമ്മയ്ക്ക് വയസ്സ് 75 ആയീട്ടുള്ളു എങ്കിലും പുതിയ രണ്ടുകൂട്ടുകാരെ കിട്ടി പ്രഷറും ഷുഗറും. പിന്നെ കാര്യങ്ങൾ ആകെ മാറിയില്ലേ. ഉപ്പില്ലാത്ത കറിയും മധുരമില്ലാത്ത ചായയും. ഭക്ഷണം തന്നെ വേണ്ടാന്നായി. മകൾ കഴിക്കൂ അമ്മേ എന്ന് നിർബന്ധിക്കാൻ തുടങ്ങി. ദേഷ്യമില്ലാതിരുന്ന അമ്മൂമ്മ അവളെ വഴക്കുപറയാൻ തുടങ്ങി. പേരമക്കൾ മൊബൈലിൽ ഓരോന്ന് ചെയ്തുകൊണ്ടിരുന്നപ്പോൾ അവരെയും തിരക്കാൻ തുടങ്ങി. അവരാരും ഇപ്പോൾ അടുത്തു വരുന്നില്ല. കൂട്ടുകാരും വരാതായപ്പോൾ അമ്മൂമ്മക്ക് ബോറടിയായി. എത്രനേരം ടിവി കാണും. അമ്മൂമ്മ സ്വയം ചിന്തിച്ചു. എന്താ പറ്റിയേ. ഞാനാകെ മാറിയല്ലോ. എല്ലാവരോടും സൗമ്യമായി സംസാരിക്കാൻ എനിക്കിപ്പോൾ പറ്റാത്തതെന്തോ?. അവസാനം ദൈവത്തിലാശ്രയിച്ച് വിശുദ്ധഗ്രന്ഥം വായിക്കാൻ തുടങ്ങി. പെറ്റമ്മ മറന്നാലും ഞാൻ നിന്നെ മറക്കില്ല. പിന്നെ അങ്ങോട്ട ദൈവത്തോടായി സംസാരം. ധൈര്യമായിരിക്കുവിൻ ഞാൻ നിന്നോടു കൂടെയുണ്ട്. അമ്മൂമ്മക്ക് ഉത്സാഹമായി. ഓരോ വചനവും എനിക്കായി എഴുതിയ പോലെ ഭയപ്പെടേണ്ട എന്നു 366 പ്രാവശ്യം. ഓരോ ദിവസവും ദൈവം കാക്കുന്നുണ്ട്. പിന്നെ എന്തിനു ചഞ്ചലപ്പെടണം. അമ്മൂമ്മ മറിച്ച് ചിന്തിക്കാൻ തുടങ്ങി. മകൾ തരുന്ന ചോറിനും കറികൾക്കും പണ്ടില്ലാത്ത രുചി. ചായക്കോ മധുരമില്ലെന്ന് തോന്നുന്നേയില്ല. പിന്നീടങ്ങോട്ട് അവർ എല്ലാവരേയും സ്നേഹത്തോടെ അന്വേഷിക്കാനും ചെറുമക്കൾക്ക് കഥ പറഞ്ഞു കേൾപ്പിക്കാനും തുടങ്ങി. എല്ലാവരും, കൂട്ടുകാരും തന്നോട് അടുക്കുന്നുവല്ലോ. ദൈവവചനം വരുത്തിയമാറ്റം, അമ്മൂമ്മ പഴയ അമ്മൂമ്മയിലേക്കും അമ്മയിലേക്കും രൂപാന്തരപ്പെട്ടു. അതെ ഇരുതലവാൾ പോലെയാണ് വചനം. ഏതു കഠിനഹൃദയത്തേയും അലിയിക്കാൻ കെല്പുണ്ട് അതിന്. ■

# താർഷീഷല്ല നിനവേതന്നെ

**ഗ്രെയ്സി ജോണി**
സെന്റ് തോമാസ് യൂണിറ്റ്

അമിത്തായുടെ പുത്രനാണ് യോനാ പ്രവാചകൻ. വിഗ്രഹാരാധനയിലും മറ്റു ദുഷ്ടതയിലും മുഴുകിയിരുന്ന നാടാണ് നിനവേ. സഹികെട്ടപ്പോഴാണ് കർത്താവ് യോനായോട് അരുളി ചെയ്തത്. അവരുടെ ദുഷ്ടത എന്റെ സന്നിധിയിലെത്തിയിരിക്കുന്നു; മഹാനഗരമായ നിനവേയിൽ ചെന്ന് അതിനെതിരേ വിളിച്ചുപറയുക. പക്ഷേ കർത്താവിന്റെ സന്നിധിയിൽ നിന്ന് ഒളിച്ച് യോനാ താർഷീഷിലേക്ക് കപ്പൽകയറി. കർത്താവാകട്ടെ ഒരു കൊടുങ്കാറ്റയച്ചു. കപ്പൽ തകരുമെന്നായി. എല്ലാവരും പ്രാർത്ഥിച്ചു. ചരക്കുകളെല്ലാം കടലിലെറിഞ്ഞു. താഴെതട്ടിൽ ഉറക്കിക്കിടന്ന യോനായെക്കണ്ട് കപ്പിത്താൻ പറഞ്ഞു എഴുന്നേറ്റ് നിന്റെ ദൈവത്തെ വിളിച്ചപേക്ഷിക്കുക. കൊടുങ്കാറ്റ് വരാൻ കാരണമന്വേഷിച്ച് നറുക്കിട്ടപ്പോൾ യോനാക്ക് നറുക്കുവീണു. യോനാ എല്ലാ കാര്യങ്ങളും വ്യക്തമാക്കി. അവർ അവനെ കടലിലേയ്ക്കെറിഞ്ഞു. കടൽ ശാന്തമായി. അവർ ദൈവത്തിന് ബലിയർപ്പിച്ചു.

ഒരു വലിയ മത്സ്യത്തെ യോനായേ വിഴുങ്ങാൻ ഒരുക്കി. 3 രാവും 3 പകലും മത്സ്യത്തിന്റെ ഉദരത്തിൽക്കിടന്ന് തന്റെ കുറ്റമേറ്റു പറഞ്ഞ് കർത്താവിനോട് പ്രാർത്ഥിച്ചു. കർത്താവ് കല്പിച്ച പ്രകാരം മത്സ്യം അവനെ കരയിലേയ്ക്ക് ഛർദ്ദിച്ചിട്ടു.

അനുതപിക്കുന്നില്ലെങ്കിൽ നാല്പതുദിവസം കഴിയുമ്പോൾ നിനവേ നശിപ്പിക്കപ്പെടും എന്ന് കർത്താവിന്റെ നിർദ്ദേശപ്രകാരം യോനാ നിനവേയിൽ പോയി ഉറക്കെ വിളിച്ചുപറഞ്ഞു. ജനം ദൈവത്തിൽ വിശ്വസിച്ച് ഒരു ഉപവാസം പ്രഖ്യാപിച്ചു. രാജ്യം മുഴുവൻ ചാക്കുടുത്ത് ചാരം പൂശി അനുതപിച്ചു. ദൈവം മനസ്സുമാറ്റി തിന്മ പ്രവർത്തിച്ചില്ല.

പക്ഷേ യോനാ ഇതുകണ്ട് കുപിതനായി. കർത്താവ് ചോദിച്ചു: കോപിക്കാൻ നിനക്കെന്തു കാര്യം. യോനാ നഗരത്തിനു പുറത്ത് ഒരു കൂടാരം ഉണ്ടാക്കി നഗരത്തിന് സംഭവിക്കുന്നത് കാണാൻ ഇരുന്നു. യോനാക്ക് തണലേകാൻ കർത്താവ് ഒരു ചെടി മുളപ്പിച്ചു. പിറ്റേന്ന് അവിടുന്ന് തന്നെ ഒരു പുഴുവിനെ അയച്ചു ചെടിയെ നശിപ്പിച്ചു. ചൂടേറ്റു തളർന്നപ്പോൾ യോനാ പറഞ്ഞു: മരിക്കുന്ന

# $2^{nd}$ YEAR OF DEMISE

25.03.2022





## BABU P.A

PAREKKADEN HOUSE

**BORN : 10.08.1961**
**DIED : 25.03.2020**

With Loving Memories
Sorrowing Family

ST. SEBASTIAN UNIT

## സ്നേഹസ്മരണയ്ക്ക്

### 25-ാം ചരമവാർഷികം
18.03.2022



ചുങ്കത്ത്
## റപ്പായി മാത്യു

ജനനം : 30.05.1909
മരണം : 18.03.1997

### 43-ാം ചരമവാർഷികം
10.03.2022



ചുങ്കത്ത് മാത്യു ഭാര്യ
## തെക്ല

ജനനം : 09.04.1916
മരണം : 10.03.1979



സ്നേഹസ്മരണകളോടെ : മക്കൾ

ബേബി ചുങ്കത്ത് – മേരി വർഗ്ഗീസ് അവണൂക്കാരൻ (Late)
വർഗ്ഗീസ് മാത്യു – ഫ്രാൻസീസ് മാത്യു
മാത്യൂസ് ചുങ്കത്ത് – ഓമന ഫ്രാൻസീസ് കുഞ്ഞാപ്പു
ജോൺ മാത്യു –

സെന്റ് മേരീസ് യൂണിറ്റ്



പരിശുദ്ധിയുടെ
സുവർണ്ണ
പാരമ്പര്യം.
TT DEVASSY
JEWELLERS
NEAR VADAKKE STAND, THRISSUR
97452 88881
www.ttdevassyjewellers.com
ttdevassyjewellers

# 37-ാം ചരമദിനം

05.02.2022





## തെക്കേക്കര മാളിയേക്കൽ
## ലോനപ്പൻ മകൾ

# ആലീസ്

ജനനം : 21.06.1951     മരണം : 31.12.2021

പ്രാർത്ഥനാപൂർവ്വം
സന്തപ്ത കുടുംബാംഗങ്ങൾ

സെന്റ് ജോൺസ് യൂണിറ്റ്

താണ് ജീവിക്കുന്നതിനേക്കാൾ നല്ലത്. കർത്താവ് പറഞ്ഞു: ഈ ചെടി ഒരു രാത്രി കൊണ്ട് വളർന്നു. അടുത്ത രാത്രി നശിക്കുന്നു. നീ അധ്വാനിച്ചിട്ടില്ല. എന്നിട്ടും നിനക്കതിനോട് അനുകമ്പയുണ്ട്. അങ്ങനെയെങ്കിൽ ഒരു ലക്ഷത്തിയിരുപതിനായിരത്തിൽ പരം ആളുകളും, മൃഗങ്ങളും വസിക്കുന്ന മഹാനഗരമായ നിനവേയോട് എനിക്ക് അനുകമ്പ തോന്നരുതെന്നോ? കുറുമ്പെല്ലാം മാറ്റി യോനാ ദൈവത്തെ ആരാധിച്ചു.

തങ്ങളുടെ മാത്രം അവകാശമാണെന്ന് കരുതിയ ഇസ്രായേൽ ക്കാരുടെ മുമ്പിൽ എല്ലാ ജനതകളും തന്റെ മക്കളാണെന്നും എല്ലാ വരും രക്ഷപ്രാപിക്കണമെന്നും ദൈവം ആഗ്രഹിക്കുന്നു.... യോനാ സംഭവത്തിലൂടെ അതിരുകളില്ലാത്ത അവിടുത്തെ കാരുണ്യം നാം മനസ്സിലാക്കി.

## 24.10.2021 ലെ പൊതുയോഗ തീരുമാനങ്ങൾ

2022 ജനുവരി തിരുനാൾ കോവിഡ് നിയന്ത്രണങ്ങളും മാനദ ണ്ഡങ്ങളും പാലിച്ചുകൊണ്ട് സമുചിതമായി ആഘോഷിക്കുവാൻ തീരുമാനിച്ചു. തിരുനാളിന്റെ കൺവീനറായി ശ്രീ. നിക്കോളാസ് വടക്കൻ (സെന്റ് ആന്റണി യൂണിറ്റ്) തിരഞ്ഞെടുത്തു.

മറ്റ് കൺവീനർമാർ

1. ഫിനാൻസ് കൺവീനർ - വിൽസൺ കൈപ്പറമ്പിൽ
2. പബ്ലിസിറ്റി കൺവീനർ - റാഫി പുളിക്കൻ
3. ജോയിന്റ് കൺവീനർ - സെബി പുളിക്കൻ
4. ദീപാലങ്കാരം - ജൽഫൻ വടക്കൻ
5. പ്രദക്ഷിണം - ജോസഫ് മുണ്ടശ്ശേരി
6. പ്രസുദേന്തി - ആന്റണി ചീരോത
7. പുഷ്പാലങ്കാരം - ജേക്കബ് തോലത്ത്
8. ലിറ്റർജി - സ്റ്റാർലിൻ വർഗ്ഗീസ്
9. വെടിക്കെട്ട് - റോയ് ഫ്രാൻസിസ്

കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ കോവിഡിന്റെ മാന ദണ്ഡങ്ങൾക്ക് അനുസരിച്ച് തിരുനാൾ പ്രദക്ഷിണം 6 മണിക്ക് ആ രംഭിക്കാനും പ്രദക്ഷിണത്തിൽ സ്വർണ്ണകുരിശുകളും Warm ലൈ റ്റുകളും ഉപയോഗിക്കാനും, ആൾക്കൂട്ടം ഒഴിവാക്കി നടത്തുവാനും തീരുമാനിച്ചു.

## കൃഷി ആദായകരമാക്കാനുള്ള ചിലപൊടിക്കൈകൾ

- ചേന, ചേമ്പ് എന്നിവ നടുമ്പോൾ അവയ്ക്കു ചുറ്റും വേലി പോലെ മഞ്ഞൾനട്ടാൽ എലിയുടെ ഉപദ്രവം കുറയും
- വെറ്റിലക്കൊടിയുടെ ചുവട്ടിൽ തുളസിയില വളമായി ഇട്ടാൽ വെറ്റിലയ്ക്ക് തുളസിയുടെ ഗന്ധം കിട്ടും.
- തേനീച്ചപ്പെട്ടി സ്ഥാപിച്ചിരിക്കുന്ന കാലിന്മേൽ ഗ്രീസുപുരട്ടിയാൽ ഉറുമ്പിന്റെ ശല്യം ഉണ്ടാകില്ല.
- പറമ്പിൽ മുരിങ്ങ നട്ടുവളർത്തിയാൽ പാമ്പുശല്യം കുറയും.
- കൃഷിയിടങ്ങളിൽ ഉറുമ്പുശല്യം കൂടുതലായി കണ്ടാൽ കല്ലുപ്പ് ഇട്ട് അവയെ അകറ്റാം. പൊടിയുപ്പ് ഉപയോഗിച്ചാലും ഇതേ പ്രയോജനം ലഭിക്കും. ഉറുമ്പുകളുള്ള തെങ്ങിന്റെയും വാഴയുടെയും ചുവട്ടിലും ഉറുമ്പിൻകൂട്ടിലും ഉപ്പുവിതറണം.
- ഫലവർഗ്ഗങ്ങളുടെ വിളവു കൂട്ടാൻ സാധാരണ വളങ്ങൾക്കു പുറമേ മത്സ്യാവശിഷ്ടങ്ങളും മത്സ്യം കഴുകിയ വെള്ളവും ചുവട്ടിൽ നിന്ന് ഒന്നരയടി മാറ്റി കുഴികുത്തി അതിലൊഴിച്ചു കൊടുക്കണം.
- കരിയില, ഉണങ്ങിയപുല്ല്, ചപ്പുചവറുകൾ, തുണിക്കഷ്ണങ്ങൾ, തടിക്കഷ്ണങ്ങൾ, ചാക്കുകഷ്ണങ്ങൾ, ഉമി, തവിട്, പതിര്, വൈക്കോൽ, കുളത്തിലെപായൽ, ജലസസ്യങ്ങൾ, പച്ചിലകൾ, തീപ്പെട്ടികമ്പനിയിലെ അവശിഷ്ടങ്ങൾ, ചകിരിച്ചോറ്, തൊണ്ട്, ഓലമടൽ, പച്ചക്കറിക്കടകളിലെ അവശിഷ്ടങ്ങൾ തുടങ്ങി മണ്ണിൽ ദ്രവിച്ചുചേരുന്നതെന്തും പുതയിടാനുപയോഗിക്കാം.
- വഴുതനകിളിർത്തതിനുശേഷം ആഴ്ചയിലൊരുദിവസം എന്ന കണക്കിൽ ഏഴാഴ്ചതുടർച്ചയായി ചാണകമിട്ടാൽ എട്ടാം ആഴ്ച കായപറിക്കാം.
- തക്കാളിയുടെ വാട്ടരോഗം തടയാൻ വഴുതനയുടെ തണ്ടിന്മേൽ ഗ്രാഫ്റ്റിങ്ങ് നടത്തിയാൽമതി

## ലോഗോസ് ക്വിസ് 2021ലെ വിജയികൾ

| പേര് | മാർക്ക് | യൂണിറ്റ് |
|---|---|---|
| 1. റോസി ജോണി | 83 | സെന്റ് പോൾസ് |
| 2. ഗ്രെയ്സി ജോണി | 80 | സെന്റ് തോമാസ് |
| 3. ത്രേസ്യാമ്മ ജേക്കബ് | 80 | ലിറ്റിൽ ഫ്ളവർ |
| 4. റോസി ജോസ് | 78 | സെന്റ് സേവിയേഴ്സ് |
| 5. ലൂസി ജോയ് | 77 | സെന്റ് സേവിയേഴ്സ് |
| 6. ജോസഫീന ജോയ് | 76 | സെന്റ് മേരീസ് |
| 7. ഡെയ്സി അന്തപ്പൻ | 73 | സെന്റ് മേരീസ് |
| 8. മേരിക്കുട്ടി ജോൺ .സി.ജെ. | 71 | ഹോളി ഫാമിലി |
| 9. പുഷ്പ വർഗ്ഗീസ് | 70 | സെന്റ് തോമാസ് |
| 10. അജ്ഞലി ജോയ് | 70 | ക്രിസ്തുരാജ |
| 11. ആൻട്രീസ | 70 | സെന്റ് സേവിയേഴ്സ് |

**അഡ്മിൻ - മേരി അക്കര**



## മധുരിക്കും പപ്പായ

**ലൂസി ജോയ്**
സെന്റ് സേവിയേഴ്സ്

പഴുത്ത പപ്പായ കഴിക്കാൻ ഇഷ്ടപ്പെടാത്തവരുണ്ടോ? പച്ചക്കറിക്കും പഴവർഗ്ഗമായും മരുന്നായും ഇതിനെ ഉപയോഗിക്കുന്നു. മരുന്നായി എന്തൊക്കെ കാര്യങ്ങൾക്ക് ഗുണപ്രദമാണെന്ന് നമുക്ക് നോക്കാം. വിറ്റാമിൻ എ - കരോട്ടിൻ ധാരാളം ഉള്ളതിനാൽ മാലക്കണ്ണിനെ ചെറുക്കാൻ സഹായിക്കുന്നു. ഇതിലെ പപ്പെയ്ൻ എന്ന രാസവസ്തു ത്വക്കിലെ ചൊറിച്ചിലിനും കാലിലെ ആണിക്കും പുരട്ടാൻ നല്ലതാണ്. ദഹനത്തിനും മൂത്രാശയരോഗത്തിനും പച്ച പപ്പായ കഴിക്കുന്നു. നാരുള്ളതിനാൽ മൂത്രാശയ രോഗത്തിനും കൊളസ്ട്രോളിനും ഫലപ്രദം തന്നെ.

കോസ്റ്റിക്കോയും മെക്സിക്കോയുമാണ് ജന്മദേശം എങ്കിലും നമ്മുടെ നാട്ടിൽ സുലഭമായി കൃഷിചെയ്തുണ്ടാക്കാൻ സാധിക്കുന്നു. വിഷാംശം ഇല്ലാതെ ഭക്ഷണത്തിൽ ഇതിന് പ്രാധാന്യം നൽകാം. എല്ലാവർക്കും പറമ്പിൽ നട്ടുവളർത്തി നമ്മുടെ അടുക്കള ചിലവിൽ വലിയ മാറ്റം വരുത്താം.

## ഞങ്ങൾ വരവായി

| റജി. നമ്പർ / ജനന തീയ്യതി | പേര്, വിലാസം |
|---|---|
| 01/2022<br>28.11.2021 | കരേരക്കാട്ടിൽ ഡേവിസ് & ഷിജി ഡേവിസ് മകൻ ഫ്രാൻസിസ് (ജോഷ്വ കെ. ഡേവിസ്) 16.01.2022 |
| 02/2022<br>26.10.2021 | തറയിൽ ഷെറിൻ സണ്ണി & സിജി ഷെറിൻ മകൻ അന്തോണി (എയ്ഡൻ തറയിൽ) 16.01.2022 |
| 03/2022<br>06.11.2021 | കീരി റോഫിൻ കൊച്ചപ്പൻ & ഷൈബി മകൾ തെരേസ (റയാന റോഫിൻ) 21.01.2022 |

## ഞങ്ങൾ യാത്രയായി

| റജി. നമ്പർ / മരണ തീയ്യതി | പേര്, വിലാസം |
|---|---|
| 03.01.2022 | എലുവത്തിങ്കൽ എടത്തിരിത്തിക്കാരൻ അന്തോണി മകൻ ജോണി (90) - സെന്റ് തോമസ് യൂണിറ്റ് |
| 18.01.2022 | ചിറയത്ത് കോനിക്കര പോൾ ഭാര്യ ഓമന (74) - സെന്റ് സേവിയേഴ്സ് യൂണിറ്റ് |
| 24.01.2022 | ചാലിശ്ശേരി കാളത്തോട്ടുകാരൻ ദേവസി മകൻ വറീത് (75) - മഡോണ യൂണിറ്റ് |

## ഇടവകയിലേക്ക് വന്നവർ

| തീയ്യതി | പേര്, വിലാസം |
|---|---|
| 18/11/2021 | കൂത്തൂർ വെള്ളാട്ടുകര തോമ വർഗീസ് & കുടുംബം - സെന്റ് ജോസഫ് യൂണിറ്റ് |

| | |
|---|---|
| 10.01.2022 | കോട്ടക്കൽ ആഗസ്റ്റി മകൻ ബാബു & കുടുംബം - സെന്റ് പോൾസ് യൂണിറ്റ് |
| 24.01.2022 | ചെമ്പരിത്തിക്കൽ അഗസ്റ്റിൻ മകൻ വിൽസൻ & കുടുംബം - സെന്റ് ജോസഫ്സ് യൂണിറ്റ് |

| വിവാഹ തീയ്യതി | പേര്, വിലാസം |
|---|---|
| 01/2022 | |
| 06.01.2022 | അയ്യന്തോൾ ഇടവക കുറ്റിക്കാടൻ ജോൺസൺ & ലിസ്സി മകൻ ജെറിൻ കെ. ജോൺസൺ |
| | തണ്ടിലം ഇടവക ചിരിയങ്കണ്ടത്ത് ജോൺസൻ & ബിന്ദു മകൾ ഡാലിയ ജോൺസൺ |
| 02/2022 | |
| 23.01.2022 | അയ്യന്തോൾ ഇടവക കൊടിവളപ്പിൽ സെബാസ്റ്റ്യൻ & ശോഭ മകൻ ഷോബിൻ സെബാസ്റ്റ്യൻ |
| | കരുമത്ര ഇടവക പുത്തൂക്കര ഔസേപ്പ് & ബീന മകൾ ആൻസി |
| 24.01.2022 | അയ്യന്തോൾ ഇടവക ചെറുവത്തൂർ റാഫേൽ & ലില്ലി മകൾ അമൃത |
| | വേലൂപ്പാടം ഇടവക വാച്ചാംകുളം ജോർജ്ജ് & റോസിലി മകൻ റോയ് ജോർജ് |

| തീയ്യതി | പേര്, വിലാസം |
|---|---|
| 06/01/2022 | പടിക്കല പൈലി മകൻ പോൾ & കുടുംബം - സെന്റ് ജോസഫ്സ് യൂണിറ്റ് - കുറ്റൂർ ഇടവക |
| 27/01/2022 | ചുങ്കത്ത് ലോറൻ & കുടുംബം സെന്റ് ജോസഫ്സ് യൂണിറ്റ് - മുളയം ഇടവക |

ക്വിസ് മാസ്റ്റർ : **സി. കാതറിൻ** CHF

# BIBLE QUIZ

**2022 ഫെബ്രുവരി - മാർച്ച് മാസത്തെ ബൈബിൾ ക്വിസ്**

---

(ജോഷ്വയുടെ പുസ്തകം 6 മുതൽ 24 വരെ)

**ഉത്തരങ്ങൾ - മാർച്ച് 20-ാം തിയ്യതിക്കുള്ളിൽ ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കേണ്ടതാണ്.**

1. ആഖാന്റെ പിതാവ് ആരായിരുന്നു?
2. ജോഷ്വ എത്രാമത്തെ വയസ്സിലാണ് മരിച്ചത്?
3. എലെയാസറിനെ സംസ്കരിച്ചത് എവിടെ?
4. ഏസോവിന് അവകാശമായി ലഭിച്ച സ്ഥലം?
5. ഗർഷോൻ കുടുംബം ഏത് ഗോത്രത്തിൽ പെട്ടതാണ്?
6. ഇസ്രായേൽ ജനതയുമായി സമാധാനസന്ധി ഉണ്ടാക്കിയ നിവാസികൾ ആരാണ്?
7. "നീ കാലുകുത്തിയ സ്ഥലം എന്നേക്കും നിനക്കും നിന്റെ സന്തതികൾക്കും അവകാശമായിരിക്കും" ആര് ആരോട് പറഞ്ഞു?
8. ഹെബ്രോത്തിന്റെ പണ്ടത്തെ പേരെന്ത്?
9. ലേവി ഗോത്രജരായ മെറാറി കുടുംബങ്ങൾക്ക് എത്ര പട്ടണങ്ങൾ ലഭിച്ചു?
10. അമോര്യരാജാവായ സീഹോന്റെ രാജ്യം ആർക്കാണ് ലഭിച്ചത്?

## 2022 ജനുവരി മാസത്തെ ബൈബിൾ ക്വിസ് ഉത്തരങ്ങൾ

1. ജോഷ്വ
2. കാനാൻദേശം കയ്യടക്കുകയും ഇസ്രായേൽ ഗോത്രങ്ങൾക്ക് ഭാഗിച്ച് കൊടുക്കുക
3. 24
4. ആശയറ്റ ജനത്തിന് പ്രത്യാശ നൽകുകയും ദൈവത്തിന്റെ വിശ്വസ്തത അവരെ ബോധ്യപ്പെടുത്തുകയും ചെയ്യുക.
5. വാഗ്ദത്തഭൂമി ആക്രമിച്ച് കീഴടക്കുന്നു.
6. കയ്യിൽ ഊരിയ വാളുമായി അതാ ഒരു മനുഷ്യൻ
7. ഗിബയാത്ത് ഹാരലോത്തിൽ
8. 1–ാം മാസം 10–ാം ദിവസം
9. നൂന്
10. ദൈവം

## 2022 ജനുവരി മാസത്തെ ശരിയുത്തരം അയച്ചവർ

1. ജോസ്ഫീന ജോയ് - സെന്റ് മേരീസ് യൂണിറ്റ്
2. ബബിത ജോഷി - ലിറ്റിൽ ഫ്ളവർ യൂണിറ്റ്
3. ഡെയസി അന്തപ്പൻ - സെന്റ് മേരീസ് യൂണിറ്റ്

നറുക്കെടുപ്പിലൂടെ വിജയിയായത്

**ബബിത ജോഷി**

ലിറ്റിൽ ഫ്ളവർ യൂണിറ്റ്

# ചായകൂട്ട് മത്സരം



ഈ ചിത്രത്തിനു അനുയോജ്യമായ ചായമടിച്ച്
മാർച്ച് 20-ാം തിയ്യതിക്കുമുൻപ്
പാരിഷ് ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കണം.
ഏറ്റവും നല്ല ചായമിടലിന് സമ്മാനം ഉണ്ടായിരിക്കുന്നതാണ്.
(പ്രായഭേദമന്യേ എല്ലാവർക്കും പങ്കെടുക്കാവുന്നതാണ്)



ജനുവരി മാസത്തെ
ചായകൂട്ട് മത്സര വിജയി
**ജോസ്ഫീന ജോയ്**
സെന്റ് മേരീസ് യൂണിറ്റ്

## 6-ാം ചരമവാർഷികം
25.02.2022



**അക്കരപ്പട്ടേക്കൽ കൊച്ചാപ്പു മകൻ**
## അന്തപ്പൻ
ദൈവസന്നിധിയിൽ നിന്ന് : 06.03.1931
ദൈവസന്നിധിയിലേക്ക് : 25.02.2016



**കുടുംബാംഗങ്ങൾ**

## 1-ാം ചരമവാർഷികം
05.05.2022



**അക്കര പട്ടേക്കൽ അന്തപ്പൻ ഭാര്യ**
## താണ്ടു
ജനനം : 15.12.1939
മരണം : 05.05.2021

സെന്റ് മേരീസ് യൂണിറ്റ്

കട്ടിള നല്ലതാണെങ്കിൽ
തലമുറകളുടെ കഥകൾ പറയും




Ocean®
WE GIVE LIFE TO PLASTIC

**OCEAN POLYMER INDUSTRIES PVT. LTD.**
V/35A, Marar Road, Velappaya Medical College P.O, Thrissur-680 596.
Phone: 0487- 2202787 / 88 / 8137009888 / 8137978880
www.theoceangroup.co.in • email: enquiry@theoceangroup.co.in

**FOR TRADE ENQUIRIES CALL: 0487- 2202787**
CUSTOMER CARE : 8137009888

nirmala hiprint Ph : 0487 2387393